# ആരോഗ്യ കേരളം

arogyakeralam newsletter

October 1, 2026

Follow us on

arogyakeralam.gov.in




മാറുന്ന കേരളം
മാറുന്ന ആരോഗ്യമേഖല

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ**

# പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന് തറക്കല്ലിട്ടു




തിരുവനന്തപുരം: സർക്കാർ ആശുപത്രികളിലെ അമിത ജോലിഭാരം കുറയ്ക്കുന്നതിനായി 1960–കളിലെ പഴയ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ. ധനകാര്യ വകുപ്പിന്റെ സഹകരണത്തോടെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്നും പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പുതിയ നിയമനങ്ങൾ നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ തറക്കല്ലിടൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനൊപ്പമാണ് പുതിയ തസ്തികകളും സൃഷ്ടിക്കുന്നത്. ജില്ലാ, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം ഏർപ്പെടുത്തിയപ്പോൾ ഡോക്ടർമാരുടെ സംഘടനകൾ ആശങ്കകൾ പ്രകടിപ്പിച്ചിരുന്നതായും അവരുമായി സംസാരിച്ച് പരിഹാരങ്ങൾ തുടങ്ങിയതായും മന്ത്രി അറിയിച്ചു.

സർക്കാർ ആശുപത്രികളിൽ മരുന്നുകൾ പൂർണമായും ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ആശുപത്രികളുടെ സേവനങ്ങളെ തരംതാഴ്ത്തിക്കാട്ടാനുള്ള ശ്രമങ്ങളെ പ്രതിരോധിക്കണമെന്നും മന്ത്രി വ്യക്തമാക്കി. എക്കാലത്തും സാധാരണക്കാരുടെ പ്രധാന ആശ്രയം സർക്കാർ ആശുപത്രികളാണെന്നും മികച്ച സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് വഴി നിർമിക്കുന്ന പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ പ്രവൃത്തികൾ 18 മാസത്തിനകം പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് അടിയന്തര വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനായി 36,000 ചതുരശ്രയടി വിസ്തീർണത്തിൽ മൂന്ന് നിലകളായാണ് പുതിയ ബ്ലോക്ക് നിർമിക്കുന്നത്. ഭാവിയിൽ രണ്ട് നിലകൾ കൂടി നിർമിക്കാവുന്ന രീതിയിലാണ് ഇതിന്റെ രൂപകല്പന.

കാഷ്വാൽറ്റി, മെറ്റേണിറ്റി വാർഡ്, ലേബർ–ഡെലിവറി റിക്കവറി യൂണിറ്റുകൾ, എക്സ്റേ, അൾട്രാസൗണ്ട് സ്കാനിംഗ്, മൈനർ ഓപ്പറേഷൻ തിയേറ്റർ എന്നിവയാണ് ഗ്രൗണ്ട് ഫ്ളോറിൽ ഉൾപ്പെടുന്നത്. ഒന്നാം നിലയിൽ ഡയാലിസിസ് യൂണിറ്റ്, ഐസൊലേഷൻ മുറികൾ, വിവിധ വാർഡുകളും രണ്ടാം നിലയിൽ ഇന്റൻസീവ് കെയർ യൂണിറ്റ്, ഹൈഡിപ്പൻഡൻസി യൂണിറ്റ്, ഓപറേഷൻ തിയേറ്റർ കോപ്ലക്സ് എന്നിവ ഉൾപ്പെടെ ഗുരുതര പരിചരണത്തിനും ശസ്ത്രക്രിയ സേവനങ്ങൾക്കുമുള്ള സൗകര്യങ്ങളുമാണ് ഒരുക്കുന്നത്.

മെഡിക്കൽ കോളേജ് പഴയ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ.കെ.വി വിശ്വനാഥൻ, ആരോഗ്യ കേരളം മിഷൻ ഡയറക്ടർ ഡോ. രേണു രാജ്, ഡി.പി.എം ഡോ. അർനോൾഡ് ദീപക്, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. സി.ജി ജയചന്ദ്രൻ, പ്രിൻസിപ്പാൾ ഡോ. രഞ്ജു രവീന്ദ്രൻ തുടങ്ങിയവരും പങ്കെടുത്തു.

**കുട്ടികളുടെ ഉത്സവമായി**

# എസ്.എ.ടി ആശുപത്രിയിലെ ലോക ഹൃദയ ദിനാഘോഷം



തിരുവനന്തപുരം: ഗവ മെഡിക്കൽ കോളേജിലെ എസ്.എ.ടി ആശുപത്രിയിലെ ലോക ഹൃദയദിനഘോഷം ജന്മനാ ഉണ്ടായിരുന്ന ഹൃദയരോഗങ്ങൾ ചികിത്സിച്ചു ഭേദമായ കുട്ടികളുടെ സംഗമ വേദിയായി എസ്.എ.ടി ഹോസ്പിറ്റൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗവും, തിരുവനന്തപുരം സി.ഡി.സി.യും സംയുക്തമായാണ് 2026 സെപ്തംബർ 30 ന് സി.ഡി.സിയിൽ ലോകഹൃദയദിനഘോഷം സംഘടിപ്പിച്ചത്. എസ്.എ.ടി ആശുപത്രിയിലൂടെ 1300 കുട്ടികൾക്ക് കാത്തിറ്റർ ഇന്റർവൻഷൻ (കീ ഹോൾ സർജറി) ചികിത്സയിലൂടയും 250 കുട്ടികൾക്ക് കാർഡിയാക് സർജറിയിലൂടെയും കഴിഞ്ഞ 8 വർഷം ചികിത്സ ലഭിച്ചിട്ടുണ്ട്.ലോക ഹൃദയ ദിനത്തോട് അനുബന്ധിച്ചു ഒത്തുകൂടിയ കുട്ടികൾ വിവിധ തരം കലാപരിപാടികൾ അവതരിപ്പിച്ചു. എസ്.എ.ടി ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലെ സ്റ്റാഫുകളും കലാപരിപാടികളിൽ പങ്കുചേർന്നു. ഡി.എം.ഇ ഡോ. വി.വിശ്വനാഥൻ സ്വാഗതം ആശംസിച്ചു. പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ ലക്ഷ്മി റിപ്പോർട്ട് അവതരിപ്പിച്ചു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ രഞ്ജു രവീന്ദ്രൻ, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ ജയചന്ദ്രൻ, സി.ഡി.സി ഡയറക്ടർ ഡോ ദീപ, ഐ.എ.പി പ്രസിഡന്റ് ഡോ.ഗോപികശേഖർ, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ സുനിൽ, ഐ.എ.പി സെക്രട്ടറി ഡോ ശ്രീജിത്ത്, ഗൈനക്കോളജി ആർ.എം.ഓ ഡോ. ശ്രീകുമാരി, കാർഡിയാക് സർജൻ ഡോ. വിനു, പീഡിയാട്രിക് കാർഡിയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. ഹരികൃഷ്ണൻ കെ.എൻ, ഡോ. രോഹിത് രാജ് ജി.ആർ.എസ്.എൻ.ഒ സുനന്ദ ദേവി, സൂപ്രണ്ട് ഡോ. റിയാസ് എന്നിവർ ആശംസ അറിയിച്ചു.

കാർഡിയാക് സർജൻ ഡോ. സുശീൽ കുമാർ ഹൃദയ ദിന സന്ദേശം നൽകി. ജന്മനാ ഉള്ള ഹൃദയ രോഗങ്ങളും അവയുടെ ചികിത്സയും പറ്റിയുള്ള രക്ഷിതാക്കളുടെ സംശയങ്ങൾക്കു ഉത്തരം നൽകുന്ന ഒരു സംവാദാത്മക സെഷനും ഉണ്ടായിരുന്നു.

> **കുട്ടികളും രക്ഷിതാക്കളും ഉൾപ്പെടെ 300 പേർ പങ്കെടുത്ത പരിപാടി ആരോഗ്യ മന്ത്രി കെ.മുരളീധൻ ഉദ്ഘാടനം ചെയ്തു.**

# പുതുജീവനേകിയവർക്ക് സംസ്ഥാനത്തിന്റെ ആദരം



## 'സ്മൃതി വന്ദനം 2026'

തിരുവനന്തപുരം: സ്വന്തം കുടുംബാംഗത്തിന്റെ വിയോഗം തീർത്ത തീരാവേദനയിലും മറ്റുള്ളവരുടെ ജീവിതത്തിന് വെളിച്ചമേകാൻ തയ്യാറായ അവയവദാതാക്കളുടെ കുടുംബങ്ങൾ കാട്ടിയത് സമാനതകളില്ലാത്ത മാതൃകയാണെന്ന് ആരോഗ്യ–ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ. സംസ്ഥാനത്തെ മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെ–സോട്ടോ) നേതൃത്വത്തിൽ സംഘടിപ്പിച്ച 'സ്മൃതി വന്ദനം 2026' സംസ്ഥാനതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മരണവീടുകളിലെ ദുഃഖം, പ്രത്യേകിച്ച് കുഞ്ഞുങ്ങളുടെ വിയോഗം താങ്ങാനാവാത്ത നോവാണെന്നും അത്തരം അതിതീവ്ര സന്ദർഭങ്ങളിൽ പോലും മറ്റൊരു ജീവനു വേണ്ടി ത്യാഗം ചെയ്യാൻ മുന്നോട്ടുവരുന്ന കുടുംബങ്ങളുടെ സത്കർമ്മങ്ങൾ നാടിന്റെ പേരിൽ അംഗീകരിക്കപ്പെടാതെ പോകുന്നത് വലിയ തെറ്റാകുമെന്ന തിരിച്ചറിവിലാണ് ആരോഗ്യവകുപ്പ് ഇത്തരമൊരു ആദരവ് സംഘടിപ്പിച്ചതെന്നും മന്ത്രി വികാരാധീനനായി പറഞ്ഞു.

വൈദ്യശാസ്ത്ര രംഗത്തെ മുന്നേറ്റങ്ങൾ അവയവമാറ്റ ശസ്ത്രക്രിയകളെ കൂടുതൽ വിജയകരമാക്കിയിട്ടുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് വൃക്ക, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളിൽ 99 ശതമാനവും വിജയകരമാണ്. ഒരു കുടുംബം അവയവദാനത്തിന് സന്നദ്ധത അറിയിച്ചാൽ മിനിറ്റുകൾക്കകം നടപടിക്രമങ്ങൾ പൂർത്തിയാക്കാനും, ഹെലികോപ്റ്റർ മാർഗ്ഗം ഹൃദയം എത്തിച്ച് കൃത്യസമയത്ത് ശസ്ത്രക്രിയ പൂർത്തിയാക്കാനും ഇന്ന് സംവിധാനങ്ങളുണ്ട്. അതേസമയം, ഒരാൾ ജീവിച്ചിരിക്കുമ്പോൾ സമ്മതം അറിയിച്ചാലും മരണശേഷം കുടുംബാംഗങ്ങൾ അവയവദാനത്തിന് വിസമ്മതിക്കുന്നത് അവയവദാന രംഗത്തെ ഒരു ന്യൂനതയാണെന്നും മന്ത്രി പറഞ്ഞു. അവയവ കച്ചവടങ്ങൾ കർശനമായി തടയപ്പെടണം, എന്നാൽ അപ്പീൽ കമ്മിറ്റികൾ അപേക്ഷകൾ തള്ളിക്കളയുമ്പോൾ രോഗിയുടെ ജീവൻ അപകടത്തിലാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ജീവൻ രക്ഷിക്കാൻ പ്രായോഗികമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ നിയമവിദഗ്ദ്ധർ തയ്യാറാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ് അധ്യക്ഷയായി.

2025 ഓഗസ്റ്റ് മുതൽ 2026 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ മരണാനന്തരം അവയവദാനം നിർവഹിച്ച 39 പേരുടെ കുടുംബാംഗങ്ങളെ ചടങ്ങിൽ മന്ത്രി ആദരിച്ചത്. അതോടൊപ്പം, ഈ കാലയളവിൽ അവയവം സ്വീകരിച്ച് പുതുജീവിതത്തിലേക്ക് കടന്നവരും പരിപാടിയുടെ ഭാഗമായി.

മരണാനന്തര അവയവദാന രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള വിവിധ പുരസ്കാര വിതരണവും ഈ മേഖലയിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ വ്യക്തികളെ ആദരിക്കലും ചടങ്ങിൽ നടന്നു. മസ്തിഷ്കമരണ നിർണയത്തിലും അവയവദാനത്തിലുമുള്ള മികച്ച മാതൃകാ പ്രവർത്തനം, തിരുവനന്തപുരം കിംസ്ഹെൽത്തിനും അവയവദാന–അവയവമാറ്റ ശസ്ത്രക്രിയ രംഗത്തെ മികച്ച സർക്കാർ സ്ഥാപനത്തിനുള്ള പുരസ്കാരം തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജും മികച്ച ഐ ബാങ്ക് പ്രവർത്തനത്തിനുള്ള പുരസ്കാരം ദി ഐ ബാങ്ക് അസോസിയേഷൻ ഓഫ് കേരള അങ്കമാലിയും മികച്ച നേത്രപടല മാറ്റിവെയ്ക്കൽ കേന്ദ്രത്തിനുള്ള പുരസ്കാരം അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററും ഏറ്റുവാങ്ങി. അവയവദാന–അവയവമാറ്റ ശസ്ത്രക്രിയ രംഗത്തെ മികച്ച സ്വകാര്യ സ്ഥാപനത്തിനുള്ള പുരസ്കാരം തിരുവനന്തപുരം കിംസ് ഹെൽത്തിനും ലഭിച്ചു.2025–ൽ മികച്ച നോൺ–ട്രാൻസ്പ്ലാന്റ് ഓർഗൻ റിട്രീവൽ സെന്ററുകളായി (ചഠചരഞ്ഞഇ) പ്രവർത്തിച്ച് മരണാനന്തര അവയവദാന പ്രക്രിയകൾ വിജയകരമായി ഏകോപിപ്പിച്ചതിന് അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ, കൊല്ലം എൻ.എസ് ഹോസ്പിറ്റൽ എന്നിവർക്ക് പ്രത്യേക പ്രശംസാപത്രം സമ്മാനിച്ചു.

സംസ്ഥാനത്ത് ദ്രുതഗതിയിലുള്ള അവയവമാറ്റത്തിന് ഗ്രീൻ കോറിഡോർ സൗകര്യങ്ങൾ കാര്യക്ഷമമായി ഒരുക്കിനൽകിയ കേരള പോലീസ് ഡിപ്പാർട്ട്മെന്റിനും, സംസ്ഥാന ആഭ്യന്തര വകുപ്പിന് കീഴിൽ എയർ ആംബുലൻസ് മാർഗ്ഗം ജീവൻരക്ഷാ അവയവങ്ങൾ അതിവേഗം ലക്ഷ്യസ്ഥാനത്ത് എത്തിക്കാൻ നൽകിയ സമഗ്ര പങ്കിന് ചിപ്സൻ ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡിനും ചടങ്ങിൽ പ്രശംസാപത്രവും മൊമെന്റോയും നൽകി ആദരിച്ചു.

അവയവ–ടിഷ്യു ദാന ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനും നൽകിയ സംഭാവനകൾക്ക് ലിവർ ഫൗണ്ടേഷൻ ഓഫ് കേരള, ഓർഗൻ ഫൗണ്ടേഷൻ ഓഫ് കേരള, ലൂർദ് മെട്രോപൊളിറ്റൻ കത്തീഡ്രൽ സീനിയർ സി.എൽ.സി, സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ മൂഴിക്കുളം ഏരിയ കൗൺസിൽ, സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സെന്റ് മേരീസ് കോൺഫറൻസ് (ചെങ്ങാലൂർ), പൗലോസ് താഴേക്കാട് നേത്രദാന ഫോറം എന്നീ സംഘടനകൾക്കും, വ്യക്തിഗത വിഭാഗത്തിൽ അഗസ്റ്റിൻ കെ.എ., കുമാരി. വന്ദന ശ്രീനിവാസൻ എന്നിവർക്കും സർട്ടിഫിക്കറ്റ് പ്രത്യേക പ്രശംസാപത്രം സമ്മനിച്ചു.

കെ–സോട്ടോയുടെ വാർഷിക റിപ്പോർട്ട് പ്രകാശനവും പുതിയ ടോൾഫ്രീ നമ്പറായ 1800–425–0048 ന്റെ ലോഞ്ചിംഗും ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി നിർവഹിച്ചു. ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പൊലീസ് ദീപക് ധൻഖർ ഐപിഎസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ.പി.കെ ജബ്ബാർ, തിരുവനന്തപുരം ശ്രീ ചിത്രാ തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, സ്റ്റേറ്റ് മാസ് എജ്യുക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ഡോമി ജോൺ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് റീജിയണൽ ഡയറക്ടർ (ഇൻ–ചാർജ്) വി.എൽ. ഹരിത തുടങ്ങിയവർ പങ്കെടുത്തു



# പേവിഷബാധാ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം



തിരുവനന്തപുരം: പേവിഷ ബാധ കാരണം ആരെയും മരണത്തിന് വിട്ടുകൊടുക്കാനാകില്ലെന്നും, 2028 ഓടെ കേരളത്തിൽ നിന്നും പേവിഷ ബാധ തുടച്ചുനീക്കാനാകണമെന്നും ആരോഗ്യ കുടുംബക്ഷേമ, ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ. ലോക പേവിഷബാധാ ദിനം തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിലുള്ള സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പേവിഷ ബാധ നിർമ്മാർജ്ജനം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ സംയോജിത ശ്രമവും വേണം. സർക്കാരിന്റെ നൂറുദിന പരിപാടികളുടെ ഭാഗമായി വികേന്ദ്രീകൃത കാൻസർ പരിചരണത്തിനുള്ള വെർച്ച്വൽ ഡിസ്ട്രിക്ട് ട്യൂമർ ബോർഡ് ആരംഭിക്കുന്ന വിവരവും മന്ത്രി പ്രഖ്യാപിച്ചു.

ഫലപ്രദമായ പേവിഷ ബാധാ നിർമ്മാർജ്ജനം ഏകാരോഗ്യ സമീപനവും സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് നടപ്പിലാക്കുന്ന പേവിഷ ബാധാ നിയന്ത്രണ പദ്ധതിയും ശക്തി പകരുമെന്ന് ഉദ്ഘാടനച്ചടങ്ങിൽ വീഡിയോ സന്ദേശം നൽകിക്കൊണ്ട് മൃഗസംരക്ഷണ– ക്ഷീരവികസന വകുപ്പ് മന്ത്രി ബിന്ദുകൃഷ്ണ പറഞ്ഞു ഈ പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കണമെന്നും നിർദ്ദേശിച്ചു.

പരിപാടിയോടനുബന്ധിച്ച് കേരളം ആരോഗ്യ ശാസ്ത്ര സർവ്വകലാശാല – സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് നടപ്പാക്കുന്ന പേവിഷബാധാ നിയന്ത്രണ പദ്ധതിയുടെ (ഐ.ബി.സി.എം) കണ്ടെത്തലുകളുടെ അവതരണ സെമിനാറും ഉണ്ടായിരുന്നു. കേരളം ആരോഗ്യ ശാസ്ത്ര സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി മീനാക്ഷി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. കെ. വി വിശ്വനാഥൻ, ആരോഗ്യ വിദ്യാഭ്യാസം ജോയിന്റ് ഡയറകടർ ഡോ. മിനി എസ്സ് എസ്സ്, ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജസ്ട്രാർ ഡോ. ഗോപകുമാർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീത്ത കെ.പി, തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ബിന്ദു മോഹൻ, സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് പ്രൊഫസർ ഡോ. തോമസ്സ് മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

ഐ.ബി.സി.എം പദ്ധതിയെ കുറിച്ചുള്ള മുഖ്യ അവതരണം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് മേധാവി ഡോ. സീനിയ ടി നജും നിർവ്വഹിച്ചു. പ്രിഷബാധാ നിയന്ത്രണപരിപാടിയുടെ സംസ്ഥാന നോഡൽ ഓഫീസർ, ഡോ. ഹരികുമാർ എസ്സ് , മൃഗസംരക്ഷണ വകുപ്പ് അസ്സിസ്റ്റന്റ് ഡയറക്ടർ ഡോ. ലക്ഷ്മി എം.എ, ഗ്ലാസ്കോ യൂണിവേഴ്സിറ്റി യുണൈറ്റഡ് കിങ്ഡം പ്രൊഫസർ ഡോ. കെയ്റ്റി ഹാംസൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

'ഒരുമിച്ച് കൂടുതൽ ശക്തരായി റാബീസ് വിമുക്ത കേരളത്തിലേക്ക്' എന്നതാണ് ഈ വർഷത്തെ പേവിഷ ബാധാ ദിനത്തിന്റെ സംസ്ഥാനതല സന്ദേശം. കേരളം സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, മൃഗസംരക്ഷണ– ക്ഷീരവികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരളം ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
ഡോ. രേണു രാജ് ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

മാനേജിംഗ് എഡിറ്റർ
ഡോ. വിദ്യ ആർ വിജയൻ
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

സീനിയർ എഡിറ്റർ
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

എഡിറ്റർ
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസിസ്റ്റന്റ് എഡിറ്റർ
ടി സ്മൃതി ലക്ഷ്മി
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

ശ്രേയ കൃഷ്ണ ആർ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
ജിജിൽ മാത്യു
കൺസൾട്ടന്റ്, ഇടുക്കി

ഡാനി പ്രിയൻ
കൺസൾട്ടന്റ്, തൃശ്ശൂർ

ദിവ്യ ചേലാട്ട്
കൺസൾട്ടന്റ്, കോഴിക്കോട്

വിനു എ
കൺസൾട്ടന്റ്, എറണാകുളം

വിനീഷ് സി ആർ
കൺസൾട്ടന്റ്, കോട്ടയം

ആഗ്നൽ ജോസഫ്
കൺസൾട്ടന്റ്, ആലപ്പുഴ

വർഷ ജയപ്രകാശ്
കൺസൾട്ടന്റ്, തിരുവനന്തപുരം

പ്രീത എം
ജെ.സി (ഡി&സി), പാലക്കാട്

ദിവ്യ ഇ ആർ
കൺസൾട്ടന്റ്, മലപ്പുറം

ബിൻസി രവീന്ദ്രൻ
കൺസൾട്ടന്റ്, കണ്ണൂർ

കമൽ കെ ജോസ്
കൺസൾട്ടന്റ്, കാസറഗോഡ്

നിജിൽ കെ എസ്
ജെ.സി (ഡി&സി), വയനാട്

അജിത് കുമാർ പി എ
ജെ.സി (ഡി&സി), പത്തനംതിട്ട

അശ്വനി രവീന്ദ്രൻ
കൺസൾട്ടന്റ്, കൊല്ലം

ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്


# ടി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ അപൂർവ ശസ്ത്രക്രിയ



ആലപ്പുഴ: ടി.ഡി. മെഡിക്കൽ കോളജ് ആശുപത്രിയിൽ 69 വയസുകാരനായ ഭരതന് താടിയെല്ലിലെ ഗുരുതരമായ അർബുദത്തെ തുടർന്ന് സങ്കീർണമായ ശസ്ത്രക്രിയയും മൈക്രോവാസ്കുലർ ഫ്രീ ഫ്ലാപ്പ് ഉപയോഗിച്ചുള്ള പുനർനിർമാണവും വിജയകരമായി നടത്തി. രോഗബാധിതമായ താടിയെല്ലിന്റെ ഭാഗം നീക്കം ചെയ്തശേഷം മുഖത്തിന്റെ ഘടനയും പ്രവർത്തനവും പുനഃസ്ഥാപിക്കുക എന്നത് ചികിത്സാ സംഘത്തിന് വലിയ വെല്ലുവിളിയായിരുന്നു. വിവിധ പുനർനിർമാണ മാർഗങ്ങൾ വിലയിരുത്തിയ ശേഷമാണ് മൈക്രോവാസ്കുലർ ഫ്രീ ഫ്ലാപ്പ് ട്രാൻസ്ഫർ നടത്താൻ തീരുമാനിച്ചത്. രോഗിയുടെ കാലിൽനിന്ന് അസ്ഥി, പേശി, ത്വക്ക് എന്നിവ ഉൾപ്പെടുന്ന ഭാഗം എടുത്ത് മുഖത്തേക്ക് മാറ്റിവെച്ചാണ് താടിയെല്ലിന്റെ പുനർനിർമാണം നടത്തിയത്. മൈക്രോവാസ്കുലർ സാങ്കേതികവിദ്യയിലൂടെ രക്തക്കുഴലുകൾ സൂക്ഷ്മതലത്തിൽ ബന്ധിപ്പിച്ച് മാറ്റിവെച്ച ടിഷ്യുവിന് ആവശ്യമായ രക്തപ്രവാഹവും ഉറപ്പാക്കി. ഓങ്കോസർജറി വിഭാഗത്തിലെ ഡോ. അതുൽ വാസുദേവ്, പ്ലാസ്റ്റിക് സർജറി വിഭാഗത്തിലെ ഡോ. അജിത്, ഡോ. ജിൻചു, ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി വിഭാഗത്തിലെ ഡോ. ദീപ്തി, ഡോ. ഉഷ, ഡോ. അജിത്, ഡോ. ചിത്ര, ഡോ. ജ്യോതി, അനസ്തേഷ്യ വിഭാഗത്തിലെ ഡോ. അശ്വതി, ഡോ. നീന എന്നിവരും സിസ്റ്റർ ഷീജയും സംഘവും ചേർന്നാണ് ശസ്ത്രക്രിയ പൂർത്തിയാക്കിയത്.

ശസ്ത്രക്രിയയ്ക്കുശേഷം ഭരതൻ സുഖം പ്രാപിച്ചുവരികയാണ്. കഴിഞ്ഞ ഏതാനും മാസങ്ങളായി തുടർപരിചരണത്തിലും നിരീക്ഷണത്തിലുമുള്ള അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണ്.

താടിയെല്ലിലെ സങ്കീർണമായ അർബുദ ശസ്ത്രക്രിയയ്ക്കൊപ്പം മുഖത്തിന്റെ ഘടനയും പ്രവർത്തനവും പുനഃസ്ഥാപിക്കാൻ സഹായിക്കുന്ന ഇത്തരം മൈക്രോവാസ്കുലർ പുനർനിർമാണ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളജിലെ വിവിധ വിഭാഗങ്ങളുടെ ഏകോപിത ചികിത്സാ സമീപനത്തിന്റെ നേട്ടമാണെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. പി. എൽ. ലക്ഷ്മി അറിയിച്ചു.

**ഒരു ചെറിയ ഓക്സിജൻ വ്യതിയാനം**

# കുഞ്ഞിന്റെ ജീവൻ രക്ഷിച്ച നിർണായക ഇടപെടൽ



ശലഭം നഴ്സ് ആയ രഷിന എം. കെ.

കണ്ണൂർ: പുറമേ യാതൊരു അസ്വാഭാവികതയും പ്രകടിപ്പിക്കാത്ത ഒരു നവജാത ശിശുവിന്റെ രക്തത്തിലെ ഓക്സിജന്റെ അളവിൽ കണ്ടെത്തിയ ചെറിയൊരു വ്യതിയാനം. കൃത്യസമയത്ത് നടത്തിയ പരിശോധനയും തുടർ ഇടപെടലുകളും. ഒടുവിൽ കണ്ടെത്തിയത് കുഞ്ഞിന്റെ ഹൃദയത്തിലെ ഗുരുതരമായ വൈകല്യം. ചികിത്സ പൂർത്തിയാക്കി സുഖം പ്രാപിച്ച കുഞ്ഞ് മാതാപിതാക്കൾക്കൊപ്പം അതിന്റെ ജീവൻ രക്ഷിക്കാൻ നിർണായകമായ ഇടപെടൽ നടത്തിയ നഴ്സിനെ കാണാനെത്തിയപ്പോൾ അത് ആരോഗ്യപ്രവർത്തകർക്കും കുടുംബത്തിനും ഒരുപോലെ ഹൃദയസ്പർശിയായ നിമിഷമായി.

2025 മാർച്ച് 4 നാണ് തലശ്ശേരി ജനറൽ ആശുപത്രിയിൽ കുഞ്ഞ് ജനിച്ചത്. ജനിച്ച് ഒരു ദിവസം മാത്രം പ്രായമുള്ള കുഞ്ഞിനെ, നവജാത ശിശുക്കളിലെ ജനന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിനായുള്ള 'ശലഭം' പദ്ധതിയുടെ ഭാഗമായി അടുത്ത ദിവസം തന്നെ പരിശോധനയ്ക്ക് വിധേയമാക്കി.

പരിശോധനയിൽ പുറമേ കാണാവുന്ന രോഗലക്ഷണങ്ങളൊന്നും കുഞ്ഞിന്ഉണ്ടായിരുന്നില്ല. എന്നാൽ രക്തത്തിലെ ഓക്സിജന്റെ അളവിൽ ഉണ്ടായവ്യതിയാനം നഴ്സിന്റെ ശ്രദ്ധയിൽപ്പെട്ടു. ചെറിയൊരു അസാധാരണതയായി തോന്നിയ ആ കണ്ടെത്തൽ അവഗണിക്കാതെ ശലഭം നഴ്സ് ആയ രഷിന എം. കെ. ഉടൻ തന്നെ ഡ്യൂട്ടിയിലുണ്ടായിരുന്ന ശിശുരോഗ വിദഗ്ധൻ ഡോ. ശ്രീജിത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

തുടർന്ന് ഡോക്ടറുടെ നേതൃത്വത്തിൽ പ്രാഥമിക ചികിത്സകൾ നൽകി വിദഗ്ധ പരിശോധനയ്ക്കായി കുഞ്ഞിനെ കണ്ണൂർ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു. കണ്ണൂർ മെഡിക്കൽ കോളേജിൽ വച്ച് നടത്തിയ ECHO പരിശോധനയിലാണ് കുഞ്ഞിന് ഹൃദയവൈകല്യമായ TAPVC (Total Anomalous Pulmonary Venous Connection) ഉള്ളതായി കണ്ടെത്തിയത്. പുറമേ ആരോഗ്യവാനെന്ന് തോന്നിയിരുന്ന കുഞ്ഞിന്റെ ഹൃദയത്തിൽ ഒളിഞ്ഞിരുന്ന ഗുരുതരമായ വൈകല്യം നേരത്തെ തിരിച്ചറിയാൻ കഴിഞ്ഞത് തുടർ ചികിത്സയ്ക്ക് നിർണായകമായി. തുടർന്ന് കുഞ്ഞിനെ കൊച്ചി അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ച് ആവശ്യമായ ചികിത്സയും ശസ്ത്രക്രിയയും നടത്തി. ചികിത്സയ്ക്കുശേഷം കുഞ്ഞ് ഇപ്പോൾ സുഖം പ്രാപിച്ചുവരികയാണ്. നവജാത ശിശുക്കളിലെ ആരോഗ്യ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിന്റെ പ്രാധാന്യവും 'ശലഭം' പോലുള്ള സ്ക്രീനിംഗ് സംവിധാനങ്ങളുടെ പ്രസക്തിയും ഓർമിപ്പിക്കുന്ന അനുഭവം കൂടിയാണിത്. ഒരു കുഞ്ഞിന്റെ ജീവിതത്തിലേക്ക് ആരോഗ്യത്തിന്റെ വെളിച്ചം പകരാൻ ചിലപ്പോൾ ഒരു ചെറിയ നിരീക്ഷണം മതിയാകും. ആ നിരീക്ഷണം കൃത്യസമയത്ത് തിരിച്ചറിയുന്ന കരുതലാണ് ആരോഗ്യസേവനത്തിന്റെ യഥാർത്ഥ ശക്തി.

ആരോഗ്യമേഖലക്ക് പുതുയുഗം

# 11 ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താൻ കൊച്ചി കപ്പൽശാലയുടെ സഹായം

എറണാകുളം: കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് സി എസ് ആർ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ 11 താലൂക്ക് ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 140 ലക്ഷം രൂപ അനുവദിച്ചു. എറണാകുളം ലോക്സഭ മണ്ഡലത്തിലെ തീരദേശ മേഖലയിലെ ആശുപത്രികളെ മെച്ചപ്പെടുത്തുവാൻ കൂടി ഉതകുന്ന വിധത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

ദേശീയ ആരോഗ്യ ദൗത്യം എറണാകുളം മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ കരാർ ആരോഗ്യ വകുപ്പു മന്ത്രി കെ മുരളീധരന്റെ സാന്നിദ്ധ്യത്തിൽ കൊച്ചി കപ്പൽശാല സി എസ് ആർ വിഭാഗം മേധാവി പി എൻ സമ്പത്ത് കുമാറും ദേശീയ ആരോഗ്യ ദൗത്യം എറണാകുളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഹനീഷ് എം എമ്മും ഒപ്പുവച്ചു. ചടങ്ങിൽ കൊച്ചി കപ്പൽശാല സി എസ് ആർ വിഭാഗം സീനിയർ മാനേജർ യൂസഫ് എ കെ സന്നിഹിതനായിരുന്നു.

ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ഹൈബി ഈഡൻ എം പി മുൻകൈയെടുത്ത് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നടത്തിവരികയാണ്. ഇതിനായി 14.37 ലക്ഷം രൂപയാണ് കൊച്ചി കപ്പൽശാല വിനിയോഗിക്കുന്നത്. ആവശ്യമായ 4 മെഷീനുകൾ ഹൈബി ഈഡൻ എം പിയുടെ ഫണ്ടിൽ നിന്നും അനുവദിക്കും. ഇതിനായി 28.08 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

കൊച്ചിയിലെ ആരോഗ്യ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി ഹൈബി ഈഡൻ എം പി, ഷിയാസ് എം എൽ എ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പുതുതായി നിർമിച്ച ഒ പി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കുന്നതിനും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായാണ് 21.15 ലക്ഷം രൂപയും കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 26.36 ലക്ഷം രൂപയും അനുവദിച്ചു.

നോർത്ത് പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും ബ്ലഡ് സ്റ്റോറേജ് യൂണിറ്റും വിപുലപ്പെടുത്തുന്നതിനായി 30.20 ലക്ഷം രൂപയും തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി, ഡയാലിസിസ് യൂണിറ്റ് എന്നിവയുടെ വിപുലീകരണത്തിനായി 4.02 ലക്ഷം രൂപയും പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനായി 95000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ദേശീയ ആരോഗ്യദൗത്യം പദ്ധതിയിലുൾപ്പെടുത്തി 3.87 കോടി ചെലവിൽ ആശുപത്രിയിലെ കാഷ്വാലിറ്റി, ഒ പി ബ്ലോക്കിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള നിർമാണപ്രവൃത്തികൾ അതിവേഗം നടന്നുവരികയാണ്

ഡയാലിസിസ് യൂണിറ്റുകൾ വിപുലീകരിക്കുന്നതിനായി പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിക്ക് 1.84 ലക്ഷം രൂപ, കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിക്ക് 6.84 ലക്ഷം രൂപ, അങ്കമാലി താലൂക്ക് ആശുപത്രിക്ക് 30000 രൂപ, ഒപ്പറേഷൻ തീയേറ്റർ വിപുലീകരിക്കുന്നതിനായി മൂവാറ്റുപുഴ ജനറൽ ആശുപത്രിക്ക് 22.34 ലക്ഷം രൂപ, ലബോറട്ടറി ശാക്തീകരിക്കുന്നതിനായി പിറവം താലൂക്ക് ആശുപത്രിക്ക് 12.07 ലക്ഷം രൂപ എന്നിവയാണ് മറ്റ് പദ്ധതികൾ.

താലൂക്കാശുപത്രി തലത്തിൽ ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കാനും ജില്ലാ ജനറൽ ആശുപത്രികളിലെ രോഗികളുടെ തിരക്ക് കുറയ്ക്കാനും ജില്ലയിലെ പൊതുജനാരോഗ്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്താനും സാധിക്കും. സാമൂഹിക ക്ഷേമത്തിനും പൊതുജനാരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള കൊച്ചി കപ്പൽശാലയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.

# ഡോ.രേണു രാജ് ഐ.എ.എസ് സംസ്ഥാന മിഷൻ ഡയറക്ടർ



തിരുവനന്തപുരം: നാഷണൽ ഹെൽത്ത് മിഷൻ, സ്റ്റേറ്റ് മിഷൻ ഡയറക്ടറായി ഡോ. രേണു രാജ് ഐ. എ. എസ് ചുമതലയേറ്റു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയാണ്. സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ് എൻ.എച്ച്.എം. സംസ്ഥാനത്തൊട്ടാകെ നഗര– ഗ്രാമപ്രദേശ വ്യത്യാസങ്ങൾ ഇല്ലാതെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ നീണ്ടുനിൽക്കുന്ന പ്രവർത്തന മേഖല നാഷണൽ ഹെൽത്ത് മിഷനുണ്ട്. മാറുന്ന കേരളം മാറുന്ന ആരോഗ്യ മേഖല' എന്ന ലക്ഷ്യം മുൻ നിർത്തി കരുത്തുറ്റ ആരോഗ്യമേഖലയെ കെട്ടിപ്പെടുക്കുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണെന്നും ഡോ. രേണു രാജ് ഐ.എ.എസ് പറഞ്ഞു.

2015 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥയാണ്. എറണാകുളം, വയനാട് ജില്ലാ കളക്ടറായും, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആരോഗ്യകേരളം മിഷൻ ഡയറക്ടർ ചുമതലക്ക് പുറമെ, പ്രോജക്ട് ഡയറക്ടർ, ഇ–ഹെൽത്ത്, മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എന്നീ ചുമതലകൾ കൂടെ വഹിക്കുന്നുണ്ട്.

ലോക അൽഷിമേഴ്സ് ദിനം

# അൽഷിമേഴ്സിനെ അറിയാം; ഒന്നും മറക്കാതിരിക്കാൻ

**ജില്ലാതല ഉദ്ഘാടനവും പാലിയേറ്റിവ് നഴ്സുമാർക്കുള്ള പരിശീലന പരിപാടിയും.**



കാസറഗോഡ്: സെപ്റ്റംബർ 21 ലോക അൽഷിമേഴ്സ് ദിനവുമായി ബന്ധപ്പെട്ട് കാസറഗോഡ് ജില്ലാതല പരിപാടികളുടെ ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ കെ ടി രേഖ നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ദേശീയാരോഗ്യ ദൗത്യം, ജില്ലാ മാനസിക ആരോഗ്യ പരിപാടി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് ദേശീയ ആരോഗ്യ ദൗത്യം കോൺഫറൻസ് ഹാളിൽ വെച്ച് സംഘടിപ്പിച്ച പരിപാടിയിൽ ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ ധന്യ ദയാനന്ദ് അധ്യക്ഷത വഹിച്ചു.

തുടർന്ന്, ജില്ലയിലെ വിവിധ സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് നഴ്സുമാർ, വളണ്ടിയർമാർ, പ്രൈമറി, സെക്കൻഡറി പാലിയേറ്റീവ് നഴ്സുമാർ തുടങ്ങിയവർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ജില്ലാ മാനസിക ആരോഗ്യ പരിപാടി നോഡൽ ഓഫീസർ ഡോ ശ്രീജിത് കൃഷ്ണൻ ക്ലാസ്സെടുത്തു. പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ച പാനൽ ഡിസ്കഷനിൽ ജില്ലാ മാനസികാരോഗ്യ പരിപാടി നഴ്സിംഗ് ഓഫീസർ കൃഷ്ണപ്രിയ, പ്രൊജക്റ്റ് ഓഫീസർ ടി കെ ഹർഷ, കൗൺസിലർമാരായ അശ്വതി എ, സജിന വി വി എന്നിവർ പങ്കെടുത്തു.

അൽഷിമേഴ്സ് രോഗത്തെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായാണ് എല്ലാ വർഷവും സെപ്തംബർ മാസം അൽഷിമേഴ്സ് മാസമായും സെപ്റ്റംബർ 21 ലോക അൽഷിമേഴ്സ് ദിനമായും ആചരിക്കുന്നത്.

തലച്ചോറിൽ ഓർമകൾ സൂക്ഷിക്കുന്ന കോശങ്ങൾ പലവിധ കാരണങ്ങളാൽ നശിച്ചു പോകുമ്പോഴാണ് ഡിമൻഷ്യ ഉണ്ടാകുന്നത്. പ്രായാധിക്യം, തൈറോയ്ഡ് ഹോർമോണിന്റെ അഭാവം, തലോച്ചോറിനു ഏൽക്കുന്ന ക്ഷതങ്ങൾ, സ്ട്രോക്ക്, വിറ്റാമിന് ബി 12, തയാമിൻ തുടങ്ങിയ വിറ്റാമിനുകളുടെ അഭാവം, തലച്ചോറിനെ ബാധിക്കുന്ന പലവിധ അണുബാധകൾ, തലച്ചോറിലെ മുഴകൾ എന്നിവയെല്ലാം ഡിമൻഷ്യയുടെ കാരണങ്ങളാണ്. ഡിമേൻഷ്യ എന്ന രോഗവസ്ഥയുടെ ഏറ്റവും സാധാരണമായ രൂപമാണ് അൽഷിമേഴ്സ്.

രോഗത്തെ പ്രതിരോധിക്കുന്നതിനായി ചിട്ടയായ ശാരീരിക പ്രവർത്തനങ്ങൾ, നല്ല ഭക്ഷണക്രമം, പ്രത്യേകിച്ച് തലച്ചോറിന്റെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനനിവാര്യമായ പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, ഇലക്കറികൾ എന്നിവയിൽ സമൃദ്ധമായ ഭക്ഷണക്രമം ശീലിക്കുക, സമ്മർദ്ദം നിയന്ത്രിക്കുക, ശരിയായരീതിയിൽ ഉള്ള ഉറക്കം എന്നിവ ജീവിതചര്യയുടെ ഭാഗമാക്കേണ്ടതാണ്.

### ശ്രദ്ധിക്കേണ്ട ചില അടയാളങ്ങൾ

സ്ഥലങ്ങളെയും ആളുകളെയും സംഭവങ്ങളെയും കുറിച്ചുള്ള ആശയക്കുഴപ്പം. കാണുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിലുള്ള ബുദ്ധിമുട്ട്.

ആശയവിനിമയം നടത്തുന്നതിലും, പരിചിതമായ ജോലികൾ ചെയ്യുന്നതിനുമുള്ള ബുദ്ധിമുട്ട്. ദിനചര്യകൾ ക്രമം തെറ്റി ചെയ്യുക. മാനസികാവസ്ഥയിലോ വ്യക്തിത്വത്തിലോ ഉള്ള മാറ്റങ്ങൾ, സുഹൃത്തുക്കളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും പിൻവലിഞ്ഞ് ഏകാന്തമായി ഇരിക്കാൻ ഇഷ്ടപ്പെടുക. ഇത്തരം ലക്ഷണങ്ങൾ ശ്രദ്ധയിൽ പെടുന്ന പക്ഷം അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലോ ജില്ലാ മാനസികാരോഗ്യ കേന്ദ്രത്തിലോ ബന്ധപ്പെടാവുന്നതാണ്.



കോട്ടത്തറയിൽ ഇനി ലേസർ ചികിത്സയും

# ശസ്ത്രക്രിയകൾക്ക് പുതിയ സൗകര്യം



പാലക്കാട്: കോട്ടത്തറ ട്രൈബൽ താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രിയിൽ ലേസർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ശസ്ത്രക്രിയാ സേവനം ആരംഭിച്ചു. ജില്ലയിലെ ഒരു സർക്കാർ ആശുപത്രിയിൽ ആദ്യമായാണ് ഈ നൂതന ശസ്ത്രക്രിയാ സൗകര്യം ഒരുക്കുന്നത്.വെരിക്കോസ് വെയിൻ, പൈൽസ് തുടങ്ങിയ രോഗങ്ങൾക്ക് ഇനി ആധുനിക ലേസർ ചികിത്സ ഇവിടെ ലഭ്യമാകും.

ഇ.വി.എൽ.എ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു വെരിക്കോസ് വെയിൻ ശസ്ത്രക്രിയയും എൽ.എച്ച്.പി സാങ്കേതികവിദ്യ ഉപയോഗിച്ച് മൂന്ന് പൈൽസ് ശസ്ത്രക്രിയകളും ആശുപത്രിയിൽ വിജയകരമായി നടത്തി.കുറഞ്ഞ മുറിവും വേദനയും വേഗത്തിലുള്ള രോഗമുക്തിയും സാധ്യമാക്കുന്നതാണ് ലേസർ ചികിത്സ. വെരിക്കോസ് വെയിനിന് ചികിത്സ തേടുന്നവർ നേരത്തേ കാലിൽ വലിയ മുറിവുണ്ടാക്കിയുള്ള ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ട സാഹചര്യമായിരുന്നു നിലവിലുണ്ടായിരുന്നത്. പുതിയ ലേസർ ചികിത്സാരീതിയിൽ മുറിവ് വളരെ ചെറുതായതിനാൽ ശസ്ത്രക്രിയാനന്തര വേദനയും അസ്വസ്ഥതകളും ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നു എന്നതാണ് ഏറ്റവും വലിയ നേട്ടം. ഇത് രോഗികളെ സാധാരണ ജീവിതത്തിലേക്ക് വേഗത്തിൽ തിരികെയെത്താനും സഹായിക്കും.

ഇതോടെ, ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളെയോ ദൂരെയുള്ള മറ്റ് ചികിത്സാ കേന്ദ്രങ്ങളെയോ ആശ്രയിക്കേണ്ടിവന്നിരുന്ന രോഗികൾക്ക് കോട്ടത്തറയിൽ തന്നെ ഈ ചികിത്സ ലഭ്യമാകും.

ഇതിനായി ആശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കുകയും ശസ്ത്രക്രിയാ വിഭാഗത്തിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിരുന്നു. ഡോ. മിഥുൻ, ഡോ. അഖിൽ, ഡോ. രാഹുൽ, ഡോ. അബിദ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പുതിയ ചികിത്സാ സേവനത്തിന് ചുക്കാൻ പിടിക്കുന്നത്.

പുതിയ സൗകര്യത്തിന്റെ ആദ്യ ഘട്ടത്തിൽ വെരിക്കോസ് വെയിൻ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ലേസർ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. ആശുപത്രിയിൽ കൂടുതൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് ഈ സംവിധാനവും സജ്ജമാക്കിയിരിക്കുന്നത്.

അട്ടപ്പാടിയിലും സമീപ പ്രദേശങ്ങളിലുമുള്ള സാധാരണക്കാർക്ക് വിദഗ്ധ ചികിത്സ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് പുതിയ സംവിധാനത്തിന്റെ മുഖ്യ ലക്ഷ്യം. ചികിത്സയ്ക്കായി ദൂരെയുള്ള ആശുപത്രികളിലേക്ക് പോകേണ്ടിവന്നിരുന്ന രോഗികൾക്ക് സ്വന്തം നാട്ടിൽത്തന്നെ മികച്ച ചികിത്സ ലഭ്യമാകുന്നത് വലിയ ആശ്വാസമാകും. പുതിയ സേവനത്തിന്റെ തുടക്കത്തോടെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങളിൽ മറ്റൊരു സുപ്രധാന നാഴികക്കല്ലാണ് പിന്നിട്ടിരിക്കുന്നത്.

# ജില്ലയിലെ ആരോഗ്യ മേഖല ഡിജിറ്റലിലേക്ക്




എറണാകുളം: ജില്ലയിലെ ആരോഗ്യരംഗം പൂർണമായും ഡിജിറ്റലിലാകുന്നു. ഇതു സംബന്ധമായ ആലോചനായോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്നു.

പദ്ധതിയെ കുറിച്ചും ഇതിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങളെ കുറിച്ചും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. ആരോഗ്യമേഖലയെ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിനും സംയോജിപ്പിക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ (Ayushman Bharat Digital Mission) ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്വകാര്യ ആശുപത്രികളുൾപ്പെടെയുള്ള ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങൾ ഇതിന്റെ ഭാഗമായി മാറും.

രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട പരിശോധനയും ചികിത്സയും ഉറപ്പുവരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കും. ഓരോ വ്യക്തിക്കും പ്രത്യേക ഹെൽത്ത് ഐഡി ഇതിലൂടെ ലഭിക്കും. ലാബ് റിപ്പോർട്ടുകൾ, പ്രിസ്ക്രിപ്ഷനുകൾ, രോഗവിവരങ്ങൾ എന്നിവയെല്ലാം ഇതിൽ സുരക്ഷിതമായി സൂക്ഷിക്കാം. പഴയ മെഡിക്കൽ ഫയലുകളും റിപ്പോർട്ടുകളും രോഗികൾ കയ്യിൽ കരുതേണ്ടതില്ല. മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടർമാർക്ക് ഡിജിറ്റലായി പരിശോധിക്കാനാവും.

വ്യക്തിഗത രോഗവിവരങ്ങൾ ഡോക്ടർമാർക്കോ ആശുപത്രികൾക്കോ കാണണമെങ്കിൽ രോഗിയുടെ അനുമതി ആവശ്യമായതിനാൽ സുരക്ഷിതത്വവും ഉറപ്പാക്കുന്നുണ്ട്. ഡോക്ടർമാർ, ആശുപത്രികൾ, ക്ലിനിക്കുകൾ, ലാബുകൾ, ഫാർമസികൾ എന്നിവയെല്ലാം ഒരൊറ്റ ഡിജിറ്റൽ ശൃംഖലയിലേക്ക് വരുന്നതിലൂടെ രോഗിയുടെ കൃത്യമായ മെഡിക്കൽ ഹിസ്റ്ററി വേഗത്തിൽ ലഭ്യമാകുകയും ഡോക്ടർക്ക് മികച്ച രീതിയിൽ രോഗനിർണ്ണയവും ചികിത്സയും നൽകാനും സാധിക്കുന്നു. രജിസ്ട്രേഷൻ, ഒ.പി ടിക്കറ്റ് എടുക്കൽ, ഇൻഷുറൻസ് ക്ലെയിമുകൾ തുടങ്ങിയ നടപടിക്രമങ്ങൾ വേഗത്തിലാക്കാനും ഇതിലൂടെ സാധിക്കും.

ജില്ലാ കലക്ടർ ജി പ്രിയങ്ക, ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ് നായർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ ഷാഹിർഷാ ആർ, എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ ബിജുകൃഷ്ണൻ ആർ, സൂപ്രണ്ട് ഡോ അനൂപ് ജോസഫ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ ഹനീഷ് എം എം എന്നിവർ സംസാരിച്ചു. വിവിധ സർക്കാർ – സ്വകാര്യ ആശുപത്രി പ്രതിനിധികളും യോഗത്തിൽ പങ്കെടുത്ത് അഭിപ്രായം അറിയിച്ചു.

ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ

# നേപ്പാൾ സ്വദേശിനിക്ക് സുരക്ഷിത പ്രസവം




ആലപ്പുഴ: വിദഗ്ധ പരിചരണവും സമയബന്ധിതമായ ഇടപെടലും മികച്ച ഏകോപനവും കൈകോർത്തപ്പോൾ, മറ്റൊരു ജീവൻരക്ഷാ ദൗത്യം കൂടി വിജയകരമായി പൂർത്തിയാക്കി ചെങ്ങന്നൂർ ജില്ലാ ആശുപത്രി. നേപ്പാൾ സ്വദേശിയായ ഗർഭിണിയായ യുവതിക്ക് അടിയന്തര ഘട്ടത്തിൽ ആവശ്യമായ ചികിത്സയും രക്തവും ലഭ്യമാക്കി 3.6 കിലോഗ്രാം തൂക്കമുള്ള ആരോഗ്യവതിയായ പെൺകുഞ്ഞിന് സുരക്ഷിതമായി ജന്മം നൽകാൻ ആശുപത്രി അധികൃതർ സാഹചര്യമൊരുക്കി. അമ്മയും കുഞ്ഞും ഇപ്പോൾ പൂർണ്ണ ആരോഗ്യത്തോടെ സുരക്ഷിതരായിരിക്കുന്നു.ഗർഭകാലത്തിന്റെ ആദ്യ ഘട്ടത്തിൽ പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയിരുന്ന യുവതി, ഗർഭാവസ്ഥയുടെ 32–ാം ആഴ്ചയിലാണ് തുടർ പരിചരണത്തിനായി ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെത്തിയത്. ഓഗസ്റ്റ് 10–ന് പ്രസവവേദനയെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച യുവതിക്ക് പ്രസവസമയത്ത് അടിയന്തരമായി രക്തം ആവശ്യമായി വന്നു. സാഹചര്യം മനസ്സിലാക്കിയ ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിന്ന് ആവശ്യമായ രക്തം സമയബന്ധിതമായി ലഭ്യമാക്കുകയായിരുന്നു. തുടർന്ന് ഗൈനക്കോളജി & ഒബ്സ്റ്റട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. പ്രജി, ഡോ. സുമിത എന്നിവരുടെ നേതൃത്വത്തിൽ പ്രസവചുമതല ഏറ്റെടുത്തു. സീനിയർ നഴ്സിംഗ് ഓഫീസർ മിനി കുമാരി ഒ.എസ്, നഴ്സിംഗ് ഓഫീസർമാരായ സിന്ധു എസ്സ്, ചിത്ര എസ്സ് നായർ, ശലഭം നേഴ്സ്, നഴ്സിംഗ് അസിസ്റ്റന്റുമാരായ ഷീജ പി.എസ്സ്, സിന്ധു കെ.ടി, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 സുലേഖ ടി. എന്നിവരടങ്ങിയ മെഡിക്കൽ സംഘം സങ്കീർണ്ണമായ പ്രസവം വിജയകരമായി പൂർത്തിയാക്കി. അടിയന്തര ഘട്ടത്തിൽ അതിരുകളില്ലാത്ത കാരുണ്യത്തോടെ കൈവിടാതെ ചേർത്തുപിടിച്ച ആരോഗ്യപ്രവർത്തകരുടെ മനുഷ്യത്വത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെയും വിജയമാണ് ഈ ദൗത്യം



അഞ്ചാംപനി

# ഊർജിത പ്രതിരോധ പ്രവർത്തനങ്ങൾ



മലപ്പുറം: ജില്ലയിൽ അഞ്ചാംപനി കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ജില്ലാ കളക്ടർ ഡോ. വിനയ് ഗോയലിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം തീരുമാനിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഹെൽത്ത് ബ്ലോക്കുകളിലും ഒരു മാസത്തെ പ്രത്യേക കർമപദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

വാക്സിനേഷൻ നിരക്ക് കുറഞ്ഞ സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേർന്ന് അടിയന്തര ഇടപെടലുകൾ നടത്തും. സർക്കാർ ആശുപത്രികൾക്ക് പുറമെ സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ഹോമിയോ-ആയുർവേദ ക്ലിനിക്കുകൾ എന്നിവയെല്ലാം അഞ്ചാംപനി ലക്ഷണങ്ങളുള്ള കേസുകൾ അതത് പി.എച്ച്.സികൾ വഴി ആരോഗ്യ വകുപ്പിൽ അറിയിക്കണം. വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവ പങ്കാളിത്തം പ്രതിരോധ പ്രവർത്തനങ്ങളിൽ ഉറപ്പാക്കും. സി.ബി.എസ്.ഇ ഉൾപ്പെടെയുള്ള സ്കൂളുകളിൽ വാക്സിനേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. അഞ്ചാംപനി വായുവിലൂടെ അതിവേഗം പകരുന്നതിനാൽ രോഗലക്ഷണങ്ങളുള്ള കുട്ടികളെ രോഗം പൂർണ്ണമായും ഭേദമാകുന്നതുവരെ യാതൊരു കാരണവശാലും സ്കൂളുകളിൽ അയക്കരുത്. അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിലും ട്രൈബൽ മേഖലകളിലും വാക്സിനേഷൻ പൂർണ്ണമായി ഉറപ്പാക്കാനും ഇതിനായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കാനും യോഗത്തിൽ തീരുമാനിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. വി. വിനോദ്, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ.എം ജാനിഫ്, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. സി ഷുബിൻ, വിവിധ വകുപ്പ്, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

# ആശ സർട്ടിഫിക്കേഷൻ: പൈലറ്റ് പദ്ധതി വയനാട്ടിൽ



ആശ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സംസ്ഥാനതല ശിൽപശാലയിൽ പങ്കെടുത്ത പരിശീലകർ

വയനാട്: ആശമാരുടെ അറിവും കഴിവും പ്രഫഷണൽ മികവും അംഗീകരിക്കുകയും കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന ആശ സർട്ടിഫിക്കേഷൻ പദ്ധതി കേരളത്തിൽ ആദ്യം നടപ്പാക്കുന്നത് വയനാട് ജില്ലയിൽ. കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം, നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ആശമാരുടെ അറിവും പ്രായോഗിക കഴിവുകളും വിലയിരുത്തുക, അവരുടെ പഠനവും പ്രഫഷണൽ യോഗ്യതയും അംഗീകരിക്കുക, മികച്ച ആരോഗ്യ സേവനങ്ങൾ നടപ്പാക്കാൻ പ്രോത്സാഹിപ്പിക്കുക, ആശമാരുടെ സേവന നിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. രണ്ടു പ്രധാന ഘടകങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ ഘട്ടലവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രത്യേകം സർട്ടിഫിക്കറ്റ് നൽകും. 5000 രൂപയുടെ ഇൻസെന്റീവും ഉണ്ടാകും. പ്രത്യുൽപാദന, മാതൃ, നവജാത, കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യം, പോഷകാഹാരം, പകർച്ചവ്യാധികൾ (മലേറിയ, ക്ഷയം) എന്നിവ ഒന്നാംഘടകവും ജനകീയ ആരോഗ്യകേന്ദ്രത്തിന് കീഴിലുള്ള സേവനങ്ങളുടെ വിപുലീകരിച്ച പാക്കേജ് എന്നിവ രണ്ടാം ഘടകവുമാണ്. ധാരണാപത്രം പ്രകാരം പരിശീലനം സംഘടിപ്പിക്കൽ, പരിശീലന കേന്ദ്രങ്ങൾ നിശ്ചയിക്കൽ, കോഴ്സ് രജിസ്ട്രേഷൻ, പരീക്ഷാ ഫീസ്, ഒറ്റത്തവണ ഇൻസെന്റീവ് ആയ 5000 രൂപയുടെ വിതരണം എന്നിവ ചുമതല ദേശീയ ആരോഗ്യദൗത്യത്തിനാണ്.

എഴുത്തുപരീക്ഷയും പ്രായോഗിക പരീക്ഷയും നടത്തുക, സർട്ടിഫിക്കേഷൻ പോർട്ടൽ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക, സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുക തുടങ്ങിയ ചുമതലകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങിന്റെ റീജ്യണൽ ഓഫിസിനാണ്.

പദ്ധതി നടപ്പാക്കുന്നതിന്റെ മുന്നോടിയായുള്ള സംസ്ഥാനതല ശിൽപ്പശാല വയനാട് ജില്ലയിലെ തരിയോട് ജില്ലാ പരിശീലന കേന്ദ്രത്തിൽ നടന്നു. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വി.ആർ ഷീജ, സോഷ്യൻ ഡെവലപ്പ്മെന്റ് മേധാവി കെ.എം സീന, ജൂനിയർ കൺസൾട്ടന്റ് എഫ്. അൻസൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് റീജ്യണൽ ഡയറക്ടർ സന്താനം, എല്ലാ ജില്ലകളിൽ നിന്നുമുള്ള ആശാ കോ-ഓഡിനേറ്റർമാർ, തിരഞ്ഞെടുത്ത പരിശീലകർ തുടങ്ങിയവർ പങ്കെടുത്തു.

ദേശീയ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി 2007ലാണ് ആശ പദ്ധതി ആരംഭിച്ചത്. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശമാരെ തിരഞ്ഞെടുക്കുകയും 10 ഘട്ടങ്ങളിലായി ഇതിനോടകം 48 ദിവസത്തെ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 21529 പേർ ഗ്രാമപ്രദേശങ്ങളിലും 4104 പേർ നഗരപ്രദേശങ്ങളിലും 492 പേർ ആദിവാസി മേഖലകളിലുമായി പ്രവർത്തിച്ചുവരുന്നു. മാതൃ-ശിശു ആരോഗ്യസംരക്ഷണം, പ്രതിരോധ കുത്തിവയ്പ്പ്, പോഷണം തുടങ്ങിയ അടിസ്ഥാന ആരോഗ്യ ലിംഗസമത്വം സേവനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആരോഗ്യത്തിന്റെ സാമൂഹിക നിർണായക ഘടകങ്ങൾ പരിഗണിക്കുന്നതിനും വാർഡ് തലത്തിലുള്ള ആരോഗ്യ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിനും ആശമാർ നിർണായക പങ്കുവഹിക്കുന്നു.




ക്വീർ വ്യക്തികൾക്കായി

# സൗജന്യ മെഡിക്കൽ സ്കിൻ കെയർ ക്യാമ്പ്



എറണാകുളം: ക്വീർ സമൂഹത്തിൽപ്പെട്ട വ്യക്തികൾക്കായി സൗജന്യ മെഡിക്കൽ, സ്കിൻ കെയർ ക്യാമ്പ് കലൂർ സ്റ്റേഡിയം ജനകീയാരോഗ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു.

ക്വീർ സമൂഹത്തിലുള്ളവർക്ക് ശാരീരിക-മാനസിക ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, തടസ്സങ്ങളില്ലാതെ വിദഗ്ധ വൈദ്യ സഹായ ലഭ്യമാക്കുന്നതിനുമാണ് ക്യാമ്പ് ഒരുക്കിയത്. 20 പേർ ക്യാമ്പിൽ പങ്കെടുത്തു. കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരുടെ സഹായത്തോടെയാണ് ക്യാമ്പ് നടത്തിയത്. ക്യാമ്പിൽ പങ്കെടുത്തവർക്ക് തുടർചികിത്സ ലഭ്യമാകുമെന്ന് ഇവർ ഉറപ്പുവരുത്തും. ക്വീർ/ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ സുരക്ഷയ്ക്കും അവകാശ സംരക്ഷണത്തിനും വലിയ പ്രാധാന്യം നൽകിയുള്ള ഇടപെടൽ നടത്തുന്ന ജില്ലയാണ് എറണാകുളം. ജനറൽ ആശുപത്രിയിൽ ഇവർക്കായി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ട്രാൻസ്ജെൻഡർ സമൂഹത്തിന് വിവേചനരഹിതമായ രീതിയിൽ കൃത്യവും സമഗ്രവുമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ തരത്തിലുള്ള ഇടപെടലുകൾ ജില്ലയിൽ നടപ്പിലാക്കിവരുന്നുണ്ട്. ആശുപത്രികളിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് പുറമെ മെഡിക്കൽ ക്യാമ്പുകളും ഔട്ട് റീച്ച് പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഇതിൽ ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർ മാതൃകാപരമായ ഇടപെടലാണ് നടത്തുന്നത്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഈ പരിപാടിയിലൂടെ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ആരോഗ്യ സംവിധാനങ്ങൾക്കുമിടയിൽ ശക്തമായ ഒരു പാലമായി ഇവർ മാറികഴിഞ്ഞു.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ചരിത്രനേട്ടം

# എൻ.ക്യു.എ.എസ്, ലക്ഷ്യ ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ




തിരുവനന്തപുരം: മികച്ച സൗകര്യങ്ങളും ഉയർന്ന ചികിത്സാ നിലവാരവും ഉറപ്പാക്കിക്കൊണ്ട് നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ചരിത്രനേട്ടം. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.)/ ലക്ഷ്യ സർട്ടിഫിക്കേഷൻ എന്നിവ ലഭിച്ചു. ലക്ഷ്യ സർട്ടിഫിക്കേഷനിൽ ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയേറ്ററിന് 98.11 ശതമാനവും ലേബർ റൂമിന് 99.69 ശതമാനവും, എൻ.ക്യു.എ.എസ്. 98.25 ശതമാനവും കരസ്ഥമാക്കിയാണ് ഈ നേട്ടം കൈവരിച്ചത്. കേരളത്തിലെ മേജർ ആശുപത്രികളിൽ വച്ച് ഏറ്റവും ഉയർന്ന സ്കോറോടെ, തിരുവനന്തപുരം ജില്ലയിൽ ഈ നേട്ടം കൈവരിക്കുന്ന ഏക മേജർ ആശുപത്രിയാണ് ജനറൽ ആശുപത്രി നെയ്യാറ്റിൻകര. ദേശീയതലത്തിൽ വിദഗ്ധ സംഘം നടത്തിയ കർശനമായ പരിശോധനകളിൽ റെക്കോർഡ് സ്കോറോടെയാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഈ നേട്ടങ്ങൾ കൈവരിച്ചത്.

സുരക്ഷിതവും മാന്യവുമായ പ്രസവ പരിചരണം, അണുബാധ നിയന്ത്രണം, പ്രസവാനന്തര ശുശ്രൂഷ, ലേബർറൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഇതിൽ ലേബർ റൂമിന് ലഭിച്ച 99.69% എന്ന ഉയർന്ന സ്കോർ ദേശീയതലത്തിൽ തന്നെ ഈ ആശുപത്രിയുടെ മികച്ച മാതൃ ശിശു സംരക്ഷണ സംവിധാനങ്ങൾക്ക് ലഭിച്ച വലിയൊരു അംഗീകാരമാണ്. പൊതു ആരോഗ്യ മേഖലയിലെ സൗകര്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്. പൊതുജനങ്ങൾക്ക് ഉയർന്ന നിലവാരത്തിലുള്ള സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിലും മാതൃശിശു മരണനിരക്ക് കുറയ്ക്കുന്നതിലും ആശുപത്രി കൈവരിച്ച വലിയ മുന്നേറ്റത്തിന്റെ തെളിവാണ് ഈ അംഗീകാരങ്ങൾ.

അത്യാധുനിക സൗകര്യങ്ങളിലൂടെയും ചികിത്സാ നിലവാരത്തിലൂടെയും സാധാരണ ജനങ്ങൾക്ക് ഏറ്റവും മികച്ച സേവനം ലഭിക്കുന്നു എന്നതിന്റെ തെളിവാണ് ഈ ദേശീയ പുരസ്കാരം. ഈ അംഗീകാരത്തോടെ ആശുപത്രിയുടെ കൂടുതൽ നവീകരണ പ്രവർത്തനങ്ങൾക്കായി അടുത്ത മൂന്ന് വർഷത്തേക്ക് കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേക സാമ്പത്തിക സഹായവും ലഭിക്കും

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ

# അപൂർവ ഇടുപ്പ് സംരക്ഷണ ശസ്ത്രക്രിയ വിജയകരം



തൃശൂർ: ഇരുപത്തെട്ടുകാരനായ യുവാവിൽ ഇരു ഇടുപ്പുകളിലേക്കും രക്തയോട്ടക്കുറവ് മൂലമുള്ള അസ്ഥിനാശം (Avascular Necrosis of Hip) എന്ന അവസ്ഥ തൃശൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശസ്ത്രക്രിയയിലൂടെ പരിഹരിച്ചു.

മണ്ണുത്തി സ്വദേശിയായ യുവാവിന്റെ വലത് ഇടുപ്പിൽ രോഗത്തിന്റെ മൂന്നാം ഘട്ടവും ഇടത് ഇടുപ്പിൽ രണ്ടാം ഘട്ടവുമായിരുന്നു. യുവാവായതിനാൽ ഇടുപ്പ് സന്ധി സംരക്ഷിച്ച് ഭാവിയിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഒഴിവാക്കുകയോ വൈകിപ്പിക്കുകയോ ലക്ഷ്യമിട്ട് ഇടത് ഇടുപ്പിലാണ് അസ്ഥിയിലെ മർദ്ദം കുറയ്ക്കുന്ന ശസ്ത്രക്രിയയും (Core decompre-ssion) രക്തക്കുഴലോടു കൂടിയ അസ്ഥിമാറ്റിവയ്ക്കലും (Free Vascu-larised Fibula Graft) നടത്തിയത്.
12 മണിക്കൂറിൽ അധികം നീണ്ട ശസ്ത്രക്രിയയിൽ, പ്ലാസ്റ്റിക് സർജ്ജറി വിഭാഗത്തിലെ പ്രൊഫ. കലേഷ്, ഡോ.റോഷ്ജോ, ഡോ.സുനീഷ് എന്നിവരും അസ്ഥിരോഗ വിഭാഗത്തിലെ പ്രൊഫ. മനോജ് എം.കെ യുടെ നേതൃത്വത്തിൽ ഡോ. ദിനീപ്, ഡോ. പ്രിജിത്ത്, ഡോ. അമൽ ജോസ് എന്നിവരടങ്ങിയ സംഘവും അനസ്തീഷ്യ വിഭാഗത്തിലെ പ്രൊഫ. അമ്മിണിക്കുട്ടി, ഡോ. ട്വിങ്കിൾ, സിസ്റ്റർമാരായ രമ്യ, മഞ്ജുഷ, നിഷ എന്നിവരും അടങ്ങിയ വിദഗ്ധ ടീമാണ് അപൂർവ്വമായ ഈ ശസ്ത്രക്രിയ നടത്തിയത്.

രോഗിയുടെ കാലിൽ നിന്ന് രക്തക്കുഴലോടുകൂടിയ അസ്ഥിയുടെ ഒരു ഭാഗം എടുത്ത് ഇടുപ്പിലെ കേടായ അസ്ഥിയിൽ സ്ഥാപിക്കുകയും സൂക്ഷ്മരക്തക്കുഴൽ ശസ്ത്രക്രിയയിലൂടെ രക്തയോട്ടം പുനഃസ്ഥാപിക്കുകയും ചെയ്തു.

പ്രത്യേക വിദഗ്ധസംഘവും അത്യാധുനിക സൂക്ഷ്മശസ്ത്രക്രിയാ സൗകര്യങ്ങളും ആവശ്യമായ ഈ ശസ്ത്രക്രിയ നമ്മുടെ രാജ്യത്ത് സ്വകാര്യ ആശുപത്രികളിൽ പോലും അപൂർവ്വമായി മാത്രമേ ചെയ്യാറുള്ളൂ.

സാങ്കേതികമായി ഏറെ സങ്കീർണ്ണമായ ഈ ചികിത്സ പരിമിതമായ വിഭവങ്ങൾക്കിടയിലും സൗജന്യമായി സർക്കാർ ആശുപത്രിയിൽ വിജയകരമായി നടത്താനായത് തൃശൂർ ഗവ. മെഡിക്കൽ കോളേജിന്റെ ശ്രദ്ധേയമായ നേട്ടമാണ്.

ആധുനിക ചികിത്സരീതികൾ കേരളത്തിലെ സാധാരണക്കാർക്ക് സർക്കാർ ആരോഗ്യ സംവിധാനത്തിലൂടെ തന്നെ ലഭ്യമാക്കാൻ കഴിയുന്നതിന്റെ മികച്ച ഉദാഹരണമാണ് ഈ നേട്ടം.

പൂന്തോട്ടം ഒരുങ്ങി

# കൂടരഞ്ഞി കുടുംബാരോഗ്യ കേന്ദ്രത്തിന് പുത്തൻ സൗന്ദര്യം



## കുടുംബാരോഗ്യ കേന്ദ്രത്തിൽ ചെണ്ടുമല്ലിയുടെ വസന്തം

കോഴിക്കോട്: സർക്കാർ ആശുപത്രി പരിസരം മനോഹരമാക്കുന്നതിന്റെയും ഹരിതാഭമാക്കുന്നതിന്റെയും ഭാഗമായി കൂടരഞ്ഞി കുടുംബാരോഗ്യ കേന്ദ്രത്തിൽ പൂന്തോട്ടം ഒരുക്കി. കൃഷി വകുപ്പിന്റെ സഹകരണത്തോടെയാണ് പൂന്തോട്ടം നിർമ്മിച്ചത്.

ആശുപത്രിയിലെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും മനസ്സിന് കുളിർമയേകുന്ന ആരോഗ്യകരവും മനോഹരവുമായ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കിയത്.

ആശുപത്രി പരിസരത്തിന്റെ ശുചിത്വവും സൗന്ദര്യവും വർധിപ്പിക്കുന്ന പ്രവർത്തനം ശ്രദ്ധേയമായി. പൂന്തോട്ടത്തിലെ വിളവെടുപ്പ് പഞ്ചായത്ത് പ്രസിഡന്റ് ബോബി ഷിബു ഉദ്ഘാടനം ചെയ്തു.

ഒരു ദിനം പിറന്നത് രണ്ട് കുരുന്നുകൾ

# തുണയായ് ആംബുലൻസ് ജീവനക്കാർ




ഇടുക്കി: കൊടും വളവുകളും കുത്തനെയുള്ള കയറ്റങ്ങളും നിറഞ്ഞ മലയോര റോഡുകളിലുടെ ജീവന്റെ മിടിപ്പുമായി പായുന്ന 108 ആംബുലൻസുകൾ ഇത്തവണ സാക്ഷ്യം വഹിച്ചത് അതിജീവനത്തിന്റെയും കരുതലിന്റെയും രണ്ട് ആർദ്രമായ നിമിഷങ്ങൾക്ക് വ്യത്യസ്ത സമയങ്ങളിൽ, പ്രതിസന്ധിയുടെ മുൻപിൽ നിന്ന രണ്ട് അന്യസംസ്ഥാന തൊഴിലാളി യുവതികൾക്ക് താങ്ങും തണലുമായിമാറിയിരിക്കുകയാണ് ഇടുക്കിയിലെ 108 ജീവനക്കാർ.

പാമ്പാടുംപാറ എസ്റ്റേറ്റിലെ തൊഴിലാളിയായ ബീഹാർ സ്വദേശിനി സാധന ദേവിയുടെ (22) വീട്ടിലാണ് ആദ്യത്തെ സന്തോഷ വാർത്ത പിറന്നത്. ബുധനാഴ്ച വൈകിട്ട് 4.25 ന് കടുത്ത പ്രസവ വേദന അനുഭവപ്പെട്ടതോടെ എന്തുചെയ്യണമെന്നറിയാതെ പകച്ചുപോയ ബന്ധുക്കൾ 108 കൺട്രോൾ റൂമിലേക്ക് വിളിക്കുകയായിരുന്നു. വിവരമറിഞ്ഞ് നെടുംങ്കണ്ടം താലൂക്ക് ആശുപത്രിയിലെ ആംബുലൻസുമായി പൈലറ്റ് ബി. ലാലുവും എമർജൻസി മെഡിക്കൽ ടെക്നിഷ്യൻ കെ.എസ്. സോനയും പാഞ്ഞെത്തി. എന്നാൽ, ആംബുലൻസ് മുറ്റത്ത് എത്തുമ്പോഴേക്കും സാധന ഒരു ആൺകുഞ്ഞിന് ജന്മം നൽകിക്കഴിഞ്ഞിരുന്നു. പരിഭ്രാന്തരായ ബന്ധുക്കൾക്കിടയിലേക്ക് ഒട്ടും സമയം കളയാതെ സോന കടന്നു ചെന്നു.

അമ്മയുടെയും കുഞ്ഞിന്റെയും പൊക്കിൾ കൊടി വേർപെടുത്തി പ്രഥമ ശുശ്രൂഷകൾ നടത്തി സുരക്ഷിതരാക്കി. തുടർന്ന് ലാലു ആംബുലൻസ് വേഗത്തിൽ പായിച്ച് ഇരുവരെയും നെടുംങ്കണ്ടം താലൂക്ക് ആശുപത്രിയിലും പിന്നീട് വിദഗ്ദ്ധ പരിചരണത്തിനായി തേനി മെഡിക്കൽ കോളേജിലും എത്തിച്ചു. ഇതേ ദിവസം പുലർച്ചെ ആമയാർ എസ്റ്റേറ്റിലെ താത്കാലിക ലയത്തിൽ മറ്റൊരു ജീവൻ തുടിക്കുകയായിരുന്നു. ഝാർഖണ്ഡ് സ്വദേശിനിയായ സോനാട്ടി മുർമുവിന് (24) കടുത്ത പ്രസവ വേദന തുടങ്ങിയത് പുലർച്ചെ മൂന്നു മണിയോടെയാണ്. 3.41 ന് കൺട്രോൾ റൂമിലെത്തിയ സന്ദേശമനുസരിച്ച് കട്ടപ്പന താലൂക്ക് ആശുപത്രിയിലെ 108 ആംബുലൻസ് പൈലറ്റ് അനന്തു ഷാജിയും ഇ.എം.ടി ജോബിൻ തോമസും മിനിറ്റുകൾക്കകം അവിടെയെത്തി.

യുവതിയുമായി നെടുംങ്കണ്ടം താലൂക്ക് ആശുപത്രിയിലേക്ക് പായുന്നതിനിടയിൽ, ഒരു കിലോമീറ്റർ മാത്രം പിന്നിട്ടപ്പോൾ കാര്യങ്ങൾ മാറിമറിഞ്ഞു. വണ്ടി നിറുത്തുവാൻ നിർദ്ദേശം നൽകിയ ജോബിൻ, ആംബുലൻസിനുള്ളിൽ തന്നെ പ്രസവത്തിനുള്ള സജ്ജീകരണങ്ങൾ ഒരുക്കി. പുലർച്ചെ. 4.20 ന് ആംബുലൻസിന്റെ നിശബ്ദതയെ കീറിമുറിച്ച് ആ കുഞ്ഞിന്റെ കരച്ചിൽ കേട്ടു. ഒരു പിതാവിന്റെ കരുതലോടെ ജോബിൻ അമ്മക്കും കുഞ്ഞിനും വേഗത്തിൽ പ്രഥമ ശുശ്രൂഷ നൽകി.

# രോഗി സുരക്ഷാ വാരാചരണം



കോട്ടയം: രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ആരോഗ്യപരിചരണത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെയും പ്രാധാന്യം പൊതുജനങ്ങളിലും ആരോഗ്യപ്രവർത്തകരിലും കൂടുതൽ ശക്തമായി എത്തിക്കുന്നതിനായി കോട്ടയം ജില്ലയിൽ സംഘടിപ്പിക്കുന്ന രോഗി സുരക്ഷാ വാരാചരണത്തിന് തുടക്കമായി. ഇതിന്റെ ജില്ലാ തല ഉദ്ഘാടനം വൈക്കം താലൂക് ആശുപത്രിയിൽ കെ. ബിനുമോൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. രോഗി സുരക്ഷ ആരോഗ്യപരിചരണ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമാണ്. ഓരോ രോഗിക്കും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ആരോഗ്യപരിചരണം ലഭ്യമാക്കുന്നതിൽ ആരോഗ്യപ്രവർത്തകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം നിർണായകമാണ്.

രോഗി സുരക്ഷയുമായി ബന്ധപ്പെട്ട് സുരക്ഷിതമായ ആരോഗ്യപരിചരണം, അണുബാധ നിയന്ത്രണം, മരുന്നുകളുടെ സുരക്ഷിത ഉപയോഗം, രോഗികളെ ശരിയായി തിരിച്ചറിയൽ, വീഴ്ചകൾ തടയൽ, ആരോഗ്യപരിചരണവുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ കുറയ്ക്കൽ തുടങ്ങിയ വിഷയങ്ങളിൽ ജീവനക്കാർക്കും പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനുള്ള വിവിധ പരിപാടികൾ ജില്ലയിൽ സങ്കടിപ്പിച്ചു.

രോഗി സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ യോഗങ്ങൾ, ബോധവത്കരണ ക്ലാസുകൾ, പ്രതിജ്ഞ, പോസ്റ്റർ പ്രദർശനം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവത്കരണ ക്യാമ്പുകൾ തുടങ്ങിയ വിവിധ പരിപാടികളും സംഘടിപ്പിച്ചു.

ആരോഗ്യ സ്ഥാപനങ്ങളിൽ സുരക്ഷിതവും ഗുണമേന്മയുള്ളതുമായ സേവനം ഉറപ്പാക്കുന്നതിനൊപ്പം രോഗികളുടെയും കുടുംബാംഗങ്ങളുടെയും അവകാശങ്ങളും സുരക്ഷയും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയാണ് രോഗി സുരക്ഷാ വാരാചരണത്തിന്റെ ലക്ഷ്യം.

കടനാട് ആയുഷ് മാൻ

# ആരോഗ്യ മന്ദിർ മെയിൻ സെന്റർ ഉദ്ഘാടനം ചെയ്തു



കോട്ടയം: പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഹെൽത്ത് ഗ്രാന്റിൽ ഉൾപ്പെടുത്തി 55.5 ലക്ഷം രൂപ ചെലവഴിച്ചാണ് കടനാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ചുള്ള മെയിൻ സെന്ററായ ആയുഷ് മാൻ ആരോഗ്യ മന്ദിർ നിർമ്മിച്ചിരിക്കുന്നത്. പ്രാഥമിക ആരോഗ്യ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിനും ആരോഗ്യപരിപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ കേന്ദ്രം സഹായകരമാകും.ഒപി സേവനങ്ങൾ, പ്രതിരോധ കുത്തിവെപ്പ്, നവജാത ശിശു ആരോഗ്യ സംരക്ഷണം, ഗർഭധാരണവുമായി ബന്ധപ്പെട്ട ചികിത്സ, സൗജന്യ മരുന്ന്, സൗജന്യ ലാബ് ഡയഗ്നോസ്റ്റിക്, കുടുംബാസൂത്രണം, കൗമാരക്കാരുടെ ആരോഗ്യം, വയോജനങ്ങൾക്ക് സ്വാന്ത്വന പരിചരണം, മാനസിക ആരോഗ്യം, സാംക്രമിക സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധം, ബോധവൽക്കരണ ക്ലാസുകൾ, ഇ സഞ്ജീവനി, ടെലി കൺസൽട്ടേഷൻ, വിഷയാധിഷ്ഠിത ക്ലിനിക്, പേഷ്യന്റ് സപ്പോർട്ട് ഗ്രൂപ്പ്, ക്യാൻസർ സ്ക്രീനിംഗ് തുടങ്ങിയ സേവനങ്ങൾ ഈ കേന്ദ്രത്തിൽ ലഭിക്കും.

കുഞ്ഞുങ്ങളുടെ സമഗ്ര ആരോഗ്യം

# ബാല്യസ്പന്ദനം പരിപാടിക്ക് തുടക്കം



പത്തനംതിട്ട: ആരോഗ്യമുള്ള പുതുതലമുറയെ വളർത്തിയെടുക്കുക എന്നതാണ് സമൂഹത്തിന്റെ ലക്ഷ്യമെന്ന് പത്തനംതിട്ട എം. പി ആന്റോ ആന്റണി പറഞ്ഞു. കുട്ടികൾക്ക് സമയോചിതമായി ആരോഗ്യ പരിശോധന നടത്തുകയും പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതോടൊപ്പം കുട്ടികളുടെ ആരോഗ്യത്തെ സംബന്ധിച്ച സമ്പൂർണ്ണമായ വിലയിരുത്തൽ നടത്തി ആരോഗ്യമുള്ള പുതുതലമുറയെ വളർത്തിയെടുക്കുന്നതിന് ആവശ്യമായ പദ്ധതികളാണ് സർക്കാർ നടത്തിവരുന്നതെന്ന് എംപി പറഞ്ഞു. സംസ്ഥാന സർക്കാർ വനിതാ ശിശു വികസന വകുപ്പിന്റെയും, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്ത് തുടക്കം കുറിച്ച ബാല്യസ്പന്ദനം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു എം. പി. കുട്ടികളുടെ വളർച്ചയും വികാസവും അടുത്തറിയാനും അവരുടെ ആവശ്യങ്ങൾ മനസിലാക്കി കൃത്യമായി ഇടപെടൽ നടത്താനും കഴിയുന്ന സാമൂഹിക സംവിധാനമാണ് അങ്കണവാടികൾ. 'ആരോഗ്യകരമായ ബാല്യം ശക്തമായ ഭാവി' എന്നതാണ് ബാല്യസ്പന്ദനം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് .

കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി കെ രാമചന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിനു ജി തോമസ് പദ്ധതി വിശദീകരണം നടത്തി. പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്, കുട്ടികളുടെ ആരോഗ്യ പരിശോധന എന്നിവയും സംഘടിപ്പിച്ചു.

ദേശീയ വൈറൽ ഹെപ്പറ്റൈറ്റിസ് നിയന്ത്രണ പരിപാടി

# ദേശീയതല സംഘം ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ചു



കോട്ടയം: ദേശീയ വൈറൽ ഹെപ്പറ്റൈറ്റിസ് നിയന്ത്രണ പരിപാടിയുടെ ഭാഗമായി ദേശീയതല വിദഗ്ധ സംഘം കോട്ടയം ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് ജില്ലയിലെ വൈറൽ ഹെപ്പറ്റൈറ്റിസ് പ്രതിരോധ, നിയന്ത്രണ, ചികിത്സാ പ്രവർത്തനങ്ങൾ വിലയിരുത്തി.കോട്ടയം ഗവ.മെഡിക്കൽ കോളേജ് ത്രി, ജനറൽ ആശുപത്രി കോട്ടയം, മണർകാട് കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലാണ് സംഘം സന്ദർശനം നടത്തിയത്. ഹെപ്പറ്റൈറ്റിസ് രോഗനിർണയം, ചികിത്സ, രോഗികളുടെ തുടർപരിചരണം, പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവത്കരണം, പരിശോധനാ സംവിധാനങ്ങൾ, ഡാറ്റ റിപ്പോർട്ടിംഗ്, പരിപാടിയുടെ വിവിധ ഘടകങ്ങളുടെ നടപ്പാക്കൽ എന്നിവ സംഘം വിശദമായി വിലയിരുത്തി.

ആരോഗ്യ സ്ഥാപനങ്ങളിൽ ദേശീയ വൈറൽ ഹെപ്പറ്റൈറ്റിസ് നിയന്ത്രണ പരിപാടിയുടെ ഭാഗമായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ, ലഭ്യമാക്കിയിട്ടുള്ള സേവനങ്ങൾ, ജീവനക്കാരുടെ ഇടപെടൽ, രോഗികൾക്ക് നൽകുന്ന കൗൺസലിംഗ്, പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങിയവയും സംഘം പരിശോധിച്ചു.

ജില്ലയിൽ പരിപാടിയുടെ ഭാഗമായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളിൽ സംഘം സംതൃപ്തി രേഖപ്പെടുത്തുകയും പ്രവർത്തനങ്ങൾക്ക് മികച്ച അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. നിലവിലുള്ള പ്രവർത്തനങ്ങൾ തുടർന്നും കാര്യക്ഷമമായി നടപ്പാക്കുന്നതിനും ആവശ്യമായ മേഖലകളിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങളും സംഘം നൽകി.




മുതിർന്ന പൗരന്മാരുടെ ആരോഗ്യപരിചരണ കർമ്മപദ്ധതി ആരോഗ്യമന്ത്രി കെ. മുരളീധരൻ മുഖ്യമന്ത്രി വി. ഡി. സതീശനു നൽകി പ്രകാശനം ചെയ്യുന്നു.

വഴിയരികിലെ ദുരിതത്തിൽ നിന്ന് ആരോഗ്യത്തിലേക്ക്

# തീവ്ര പോഷകാഹാര കുറവിനെ അതിജീവിച്ച് രണ്ടു വയസുകാരൻ




**തീവ്ര പോഷകാഹാരക്കുറവും ന്യുമോണിയയും ബാധിച്ച് ഒരു മാസത്തോളം നീണ്ട സങ്കീർണ്ണമായ ചികിത്സയ്ക് ശേഷമാണ് കുട്ടി അത്ഭുതകരമായ രോഗശാന്തി നേടിയത്.**

ആലപ്പുഴ: വഴിയരികിൽ തീർത്തും അവശനായ നിലയിൽ കണ്ടെത്തിയ രണ്ട് വയസ്സുകാരനായ കുട്ടി ജീവിതത്തിലേക്ക് മടങ്ങിയെത്തി. ആലപ്പുഴ ഗവൺമെന്റ് ടി ഡി മെഡിക്കൽ കോളേജ് ആശുപത്രിയിൽ തീവ്ര പോഷകാഹാരക്കുറവും (Severe Acute Malnutrition - SAM) ന്യുമോണിയയും ബാധിച്ച് ഒരു മാസത്തോളം നീണ്ട സങ്കീർണ്ണമായ ചികിത്സയ്ക് ശേഷമാണ് കുട്ടി അത്ഭുതകരമായ രോഗ ശാന്തി നേടിയത്.

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്, ചുള്ളിയാർമേട് സ്വദേശിയായ മാസ്റ്റർ പുണ്യവാളൻ എന്ന കുട്ടിയാണ് ഇപ്പോൾ പൂർണ്ണ ആരോഗ്യവാനായിരിക്കുന്നത്. കുട്ടിയുടെ ശരീരഭാരം ഗണ്യമായി വർദ്ധിക്കുകയും ആരോഗ്യനില തൃപ്തികരമാവുകയും ചെയ്തത് ആശുപത്രിയിലെ മെഡിക്കൽ സംഘത്തിന്റെ കൂട്ടായ പരിശ്രമത്തിന്റെ വലിയ വിജയമായി കണക്കാക്കപ്പെടുന്നു.

കായംകുളത്ത് വഴിയരികിൽ അമ്മയ്ക്കൊപ്പം അലഞ്ഞുതിരിയുന്ന നിലയിലാണ് കുട്ടിയെ കണ്ടെത്തിയത്. ഉടൻ തന്നെ ഇടപെട്ട പോലീസ്, ഇരുവരെയും രക്ഷിച്ച് കുട്ടിയെ കായംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ ഗുരുതരമായ ആരോഗ്യനില തിരിച്ചറിഞ്ഞതിനെ തുടർന്ന് മാവേലിക്കര ഗവൺമെന്റ് ആശുപത്രിയിലെ ശിശുരോഗ വിദഗ്ധനായ ഡോ. ശ്രീപ്രസാദ് ഇടപെട്ട് അതേ ദിവസം തന്നെ കുട്ടിയെ ആലപ്പുഴ മെഡിക്കൽ കോളേജിലെ പീഡിയാട്രിക് ഇന്റൻസീവ് കെയർ യൂണിറ്റിലേക്ക് മാറ്റുകയായിരുന്നു.

ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ കുട്ടി തീർത്തും മെലിഞ്ഞൊട്ടി, തൊലി ചുക്കിചുളിഞ്ഞ അവസ്ഥയിലായിരുന്നു. രണ്ട് വയസ്സുകാരന് വെറും 3.5 കിലോഗ്രാം മാത്രമായിരുന്നു ഭാരം. കൈത്തണ്ടയുടെ വണ്ണം (MUAC) 7 സെന്റീമീറ്റർ മാത്രമായിരുന്നത് തീവ്ര പോഷകാഹാരക്കുറവ് സ്ഥിരീകരിച്ചു.

പീഡിയാട്രിക്സ് വിഭാഗം യൂണിറ്റ് ചീഫ് ഡോ. ജോസ് ഒയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘത്തിന്റെ ആഴ്ചകൾ നീണ്ട തീവ്രപരിചരണത്തിനൊടുവിൽ പുണ്യവാളന്റെ ആരോഗ്യനിലയിൽ ശ്രദ്ധേയമായ പുരോഗതിയുണ്ടായി. പീഡിയാട്രിക്സ് വിഭാഗം പുറത്തിറക്കിയ ഹെൽത്ത് ബുള്ളറ്റിൻ പ്രകാരം, കുട്ടി പൂർണ ആരോഗ്യനില കൈവരിച്ചിരിക്കുന്നു. ആശുപത്രിയിൽ എത്തിയപ്പോഴുള്ളതിനേക്കാൾ 1.1 കിലോഗ്രാം വർദ്ധിച്ച് കുട്ടിയുടെ ഇപ്പോഴത്തെ ഭാരം 4.6 കിലോഗ്രാം ആയിട്ടുണ്ട്. നിലവിൽ കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണ്.

കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കൃത്യ സമയത്ത് ഇടപെടൽ നടത്തിയ ജില്ലാ കലക്ടർ, പോലീസ് വകുപ്പ്, ഡോ.ലക്ഷ്മി പി എൽ ആശുപത്രി സൂപ്രണ്ട്,ശിശുരോഗ വിഭാഗം മേധാവി ഡോ. സിറിൽ ഇഗ്നേഷ്യസ് റൊസാരിയോ, യൂണിറ്റ് ചീഫ് ഡോ. ജോസ് , എൻ.എച്ച്.എം, ട്രൈബൽ ഡിപ്പാർട്ട്മെന്റ്, ഐ.സി.ഡി.എസ്, സി.ഡബ്ല്യു.സി, എച്ച്.ഡി.എസ്, പി. ജി. ഡോക്ടർമാർ,സി എൻ ഒ ലിസ്സി ജോർജ്, പി.ഐ.സി.യു ഹെഡ് നഴ്സ് ലിൻസി മോൾ മാത്യു , മറ്റ് നഴ്സിംഗ് – പാരാമെഡിക്കൽ ജീവനക്കാർ, എസ്. ടി പ്രമോട്ടർമാരായ നവ്യ, മഞ്ജു, ഗീതു എന്നിവരും ഉൾപ്പെടെ കുട്ടിയുടെ പരിചരണത്തിന് പിന്തുണ നൽകിയ എല്ലാ അഭ്യുദയകാംക്ഷികൾ, സന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ള എല്ലാവരുടെയും അർപ്പണബോധവും സഹകരണവും കുട്ടിയുടെ രക്ഷയ്ക്ക് സഹായകമായി.

കൃത്യസമയത്തുള്ള മെഡിക്കൽ ഇടപെടൽ, മികച്ച പോഷകാഹാര പരിചരണം, കേരള പോലീസും ആരോഗ്യവകുപ്പും തമ്മിലുള്ള മികച്ച ഏകോപനം എന്നിവയുടെ ഏറ്റവും വലിയ ഉദാഹരണമാണ് മാസ്റ്റർ പുണ്യവാളന്റെ ജീവിതത്തിലേക്കുള്ള ഈ തിരിച്ചുവരവ്.

മുച്ചുണ്ട്, മുറിയണ്ണാക്ക്

# കുട്ടികൾക്ക് സൗജന്യ ചികിത്സ



മലപ്പുറം: മുച്ചുണ്ട്, മുറിയണ്ണാക്ക് തുടങ്ങിയ ജന്മനാ വൈകല്യങ്ങളുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും തുടർപരിചരണവും ഉറപ്പാക്കുന്നതിനായി ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ ജില്ലയിൽ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചു. താനൂർ, കാളികാവ്, വേങ്ങര ബ്ലോക്കുകളിലാണ് ക്യാമ്പുകൾ നടന്നത്.

ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം) പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. മൂന്ന് ബ്ലോക്കുകൾക്ക് കീഴിലുള്ള വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള കുട്ടികൾ ക്യാമ്പുകളിൽ പങ്കെടുത്തു.

വേങ്ങരയിൽ 39 കുട്ടികളും കാളികാവിൽ 19 കുട്ടികളും താനൂരിൽ 13 കുട്ടികളുമടക്കം ആകെ 71 കുട്ടികൾ പരിശോധനയ്ക്ക് വിധേയരായി. വിശദമായ പരിശോധനയിൽ ശസ്ത്രക്രിയ ആവശ്യമായ 29 കുട്ടികളെ കണ്ടെത്തി. ഇവർക്ക് ആവശ്യമായ ശസ്ത്രക്രിയയും തുടർചികിത്സയും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തി.

കുട്ടികളിലെ ജന്മനാ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ആവശ്യമായ ചികിത്സ ലഭ്യമാക്കുക, അവരുടെ ആരോഗ്യവും ജീവിതനിലവാരവും മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലയിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലൂടെയും ആർബിഎസ്കെ സംവിധാനത്തിലൂടെയും കുട്ടികളെ കണ്ടെത്തി വിദഗ്ധ ചികിത്സയിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളും തുടരുകയാണ്.

തുടർക്യാമ്പുകൾ പൊന്നാനി, പെരിന്തൽമണ്ണ, തിരൂർ ബ്ലോക്കുകളിലും നടത്തുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. കുട്ടികളുടെ ആരോഗ്യവും സംസാരശേഷിയും ആത്മവിശ്വാസവും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജാനിഫ് കെ എം അറിയിച്ചു.

# ദേശീയ നേത്രദാന പക്ഷാചരണം സംഘടിപ്പിച്ചു



എറണാകുളം: ദേശീയ നേത്രദാന പക്ഷാചരണം ജില്ലാതല ഉദ്ഘാടനം ചേന്ദമംഗലത്ത് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്റ ജേക്കബ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ആർ. സൈജൻ അധ്യക്ഷനായി.

പരിപാടിയുടെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന നേത്രദാന ചാലഞ്ച് ക്യാമ്പയിന് തുടക്കം കുറിച്ചു. നേത്രദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും കൂടുതൽ ആളുകളെ നേത്രദാനത്തിന് സന്നദ്ധരാക്കുന്നതിനും ലക്ഷ്യമിട്ടാണ് ഈ ബൃഹത്തായ പദ്ധതി സംഘടിപ്പിച്ചിരിക്കുന്നത്. ക്യാമ്പയിന്റെ ഉദ്ഘാടനം ചേന്ദമംഗലം പഞ്ചായത്ത് പ്രസിഡന്റ് പി എ ഹരിദാസ് നിർവഹിച്ചു.

നേത്രദാനം ചെയ്തവരുടെ കുടുംബങ്ങളെ ആദരിക്കുകയും നേത്രദാന സമ്മതപത്രം സ്വീകരിക്കുകയും ചെയ്തു. പരിപാടിയുടെ ഭാഗമായി നടത്തിയ നേത്രദാന സന്ദേശ റാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ആർ. സൈജൻ ഫ്ളാഗ് ഓഫ് ചെയ്തു. മാല്യങ്കര എസ്.എൻ.എം. കോളജിലെ എൻ.എസ്.എസ്. യൂണിറ്റ് വിദ്യാർഥികൾ ഫ്ളാഷ് മോബ് അവതരിപ്പിച്ചു. ജില്ലാ മെഡിക്കൽ സംഘത്തിന്റെ നേതൃത്വത്തിൽ നേത്ര പരിശോധന ക്യാമ്പ് നടത്തി.

നഗരസഭാധ്യക്ഷൻ രമേഷ് ഡി. കുറുപ്പ് സമ്മാനവിതരണം നടത്തി. ചേന്ദമംഗലം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബെസി സെബാസ്റ്റ്യൻ, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എം.എം. ഹനീഷ്, ഡോ. കെ.ആർ. വിദ്യ, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.എസ്. സനീഷ്, സീന സജീവ്, എൻ.കെ. സാബു, പ്രഷീല ബെന്നി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എം.എ. നിത്യ, ബിന്ദു ജോർജ്, ആൽബിൻ കെ. ജോബോയ്, കെ.എസ്. അശ്വതി, ഡോ. വിനോദ് പൗലോസ്, ഡോ. രശ്മി, ഡോ. ആരതി കൃഷ്ണൻ, ഡോ. ടിറ്റോ റഹിം, ഡോ. ബിനോയ് ബാബു എന്നിവർ പ്രസംഗിച്ചു.

ആത്മഹത്യ പ്രവണത തടയാൻ

# ബന്ധങ്ങൾ ദൃഢമാക്കാം, തുറന്നു സംസാരിക്കാം: മന്ത്രി കെ മുരളീധരൻ




കൊല്ലം: സമൂഹത്തിൽ വർധിച്ചു വരുന്ന ആത്മഹത്യ പ്രവണത തടയാൻ കുടുംബ ബന്ധങ്ങൾ കൂടുതൽ ദൃഢമാകണം. സൗഹൃദങ്ങൾ ശക്തമാക്കണം. പരസ്പരം സംസാരിയ്ക്കാനും വിഷമങ്ങൾ തുറന്നു പറയാനും മനുഷ്യൻ സ്വന്തമായി ഒരിടം കണ്ടെത്തണം, അത് കുടുംബമോ, സൗഹൃദമോ, തൊഴിലിടമോ എന്തുമാകട്ടെ അവിടെ വിഷമങ്ങൾ പരസ്പരം പങ്കു വെയ്ക്കുവാനും അതുവഴി മാനസിക പിരിമുറക്കം ഒഴിവാക്കി മനുഷ്യന് മുന്നോട്ടു പോകാനുള്ള ഊർജം നൽകുന്ന ഇടമാകണമെന്നും ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ. പാരിപ്പള്ളി ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ വെച്ച് സംഘടിപ്പിച്ച ആത്മഹത്യാ പ്രതിരോധ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയുമായിരുന്നു മന്ത്രി. രാജ്യത്ത് ആത്മഹത്യാ പ്രവണത ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിലെ ആത്മഹത്യാ നിരക്ക് നോക്കുമ്പോൾ അതിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നത് കൊല്ലത്താണ്. സമൂഹത്തെ ബാധിച്ച ഗുരുതര രോഗമാണ് ആത്മഹത്യാ പ്രവണത. ഐ.ടി. മേഖലയിലും മറ്റും ജോലി ചെയ്യുന്ന യുവജനങ്ങളിൽ മെന്റൽ ഡിപ്രഷൻ കൂടുതലാണ്. എം.ബി.ബി.എസ്. വിദ്യാർഥികളിൽ പോലും ഇതു കാണുന്നുണ്ട്. പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞാൽ പോലും ആത്മഹത്യ ചെയ്യുകയാണ്. കുടുംബബന്ധങ്ങൾ ദൃഢത കൈവരിച്ചാൽ ആത്മഹത്യയെ പ്രതിരോധിക്കാൻ കഴിയുമെന്നും മന്ത്രി കൂട്ടിചേർത്തു. പരിപാടിയുടെ ഭാഗമായി ബോധവത്കരണ പ്രതിജ്ഞ, സുത്യർഹ സേവനം കാഴ്ചവെച്ച ജീവനക്കാർക്കുള്ള ആദരം, പാനൽ ചർച്ച, ബോധവത്കരണ സ്കിറ്റ് എന്നിവയും സംഘടിപ്പിച്ചു.

മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗത്തിന്റെ സഹകരണത്തോടെ നടത്തിയ പരിപാടിയിൽ ബി.ബി. ഗോപകുമാർ എം.എൽ.എ. അധ്യക്ഷത വഹിച്ചു. എൻ.കെ. പ്രേമചന്ദ്രൻ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ. ലതാ ദേവി, കലക്ടർ ആനി ജൂല തോമസ്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി. വിശ്വനാഥൻ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. സുശീല ദേവി, കല്ലുവാതുക്കൽ പഞ്ചായത്ത് പ്രസിഡന്റ് എസ്. വിജയൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഷീജ, NHM ജില്ലാ പ്രോഗ്രാം മാനേജർ ഡോ അഗസ്റ്റസ് മോറിസ് എന്നിവർ പങ്കെടുത്തു തുടങ്ങിയവർ പങ്കെടുത്തു.

ആശയുടെ ഇടപെടൽ

# മലേറിയ കണ്ടെത്തി ചികിത്സ നൽകി



തൃശ്ശൂർ: ചാലക്കുടി താലൂക്ക് ആശുപത്രിക്ക് കീഴിൽ വരുന്ന കോട്ടാറ്റ് എന്ന സ്ഥലത്ത് അതിഥി തൊഴിലാളികൾ കുടംബമായി താമസിക്കുന്ന വിവിധ സൈറ്റുകൾ ഉണ്ട്. ഇതിൽ 5 വയസ്സിന് താഴെ പ്രായമുള്ള കുഞ്ഞുങ്ങൾ ഉള്ളതിനാൽ ആശ റിനി സി ആർ അവരുമായി നിരന്തരം സമ്പർക്കത്തിൽ നിന്നിരുന്നു. 6 മാസം മുൻപ് എം.ആർ. വാക്സിനേഷനു ശേഷം അവർ നാട്ടിലോട്ട് തിരിച്ചുപോയി. അവർ തിരിച്ച് എത്തിയാൽ ഉടനെ അിറയിക്കണമെന്ന് കോൺട്രോക്ടറോട് പറഞ്ഞിരുന്നു. ഒപ്പം തന്നെ സ്ഥിരമായി കുടുംബം ഉപയോഗിക്കുന്ന ഓട്ടോയുടെ ഡ്രൈവറോടും പറഞ്ഞ് വെച്ചിരുന്നു. അവർ തിരിച്ചെത്തി ഉടനെതന്നെ നഗരജനകീയ ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറെ കാണാൻ പോയി എന്ന് അറിഞ്ഞതിനാൽ കാര്യം തിരക്കാൻ ആശ അങ്ങോട്ട് തിരിച്ചു. ചെന്നപ്പോൾ പനിക്ക് കുറവില്ലെന്നും എന്നാൽ കുട്ടിയുടെ ശരീരം മുഴുവൻ മഞ്ഞ നിറം കാണപ്പെടുകയും കുട്ടി തീരെ ക്ഷീണിതനായി കാണപ്പെട്ടു. ഉടനെതന്നെ വിവരം ജെ.പി.എച്ച്.എൻ നെ അറിയിക്കുകയും ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും കാർഡ് ടെസ്റ്റിൽ കുട്ടി മലേറിയ പോസറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു. കുഞ്ഞിനെ ചാലക്കുടി താലൂക്ക് ആശുപത്രിയിൽ നിന്ന് ആംബുലൻസിൽ ആശയും ജെ.എച്ച്.ഐ.യും എൽ.എച്ച്.ഐ.യും കൂടി തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലേക്ക് എത്തിച്ചു. മറ്റ് രണ്ട് കുട്ടികൾക്കും ചെറിയ തോതിൽ പനിയും മഞ്ഞകളറും ശ്രദ്ധിച്ചതിനാൽ ആശ വിവരം ബന്ധപ്പെട്ടവരെ അറിയിക്കുകയും രണ്ട് കുഞ്ഞുങ്ങളെയും ആശുപത്രിയിൽ എത്തിക്കാൻ നിർദ്ദേശം നൽകി. എന്നാൽ ബന്ധുക്കൾ അതിന് തയ്യാറായില്ല. നിർബന്ധപൂർവ്വം കുട്ടികളെ ഗവ.മെഡിക്കൽ കോളേജിൽ എത്തിക്കുകയും പിന്നീട് തുടർ ചികിത്സക്കായി ആലുവ ജില്ലാ ആശുപത്രിയിലെ പ്രത്യേക ക്ലിനിക്കിലേക്ക് കൊണ്ടുപോകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്തു.

ഇതോടൊപ്പം തന്നെ കോട്ടാറ്റിൽ ഇവന്റ് മാനേജ്മെന്റ് കമ്പനിയിൽ ജോലി ചെയ്യുന്ന 2 പേരെ ക്യാമ്പ് സംഘടിപ്പിച്ചതിലേക്ക് എത്തിക്കുകയും അവർ രണ്ട് പേരും മലേറിയ പോസറ്റീവ് ആണെന്ന് കണ്ടെത്തിയതിനാൽ കൂടെ ഉണ്ടായിരുന്ന 4 പേരെ കൂടി ആശുപത്രിയിൽ എത്തിച്ച് പരിശോധിക്കു ശേഷം മലേറിയ പോസറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു. ഇവർക്ക് തൃശ്ശൂരിൽ നിന്ന് ആശുപത്രിയിലേക്ക് മരുന്ന് എത്തിക്കുകയും കഴിക്കാൻ മടികാണിച്ചതിനാൽ നിർബന്ധപൂർവ്വം ആശയും ജെ.എച്ച്.ഐ.യും ജെ.പി.എച്ച്.എൻ.നും ചേർന്ന കിടന്ന പരിശ്രമത്താൽ തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു.

അരികിലുണ്ട് ആരോഗ്യ കേന്ദ്രം

# കഴക്കൂട്ടത്ത് പുതിയ നഗര ജനകീയ ആരോഗ്യ കേന്ദ്രം




തിരുവനന്തപുരം: ജില്ലയിലെ 47–ാമത്തെ നഗര ജനകീയ ആരോഗ്യ കേന്ദ്രം മേയർ അഡ്വ. വി.വി. രാജേഷ് ഉദ്ഘാടനം ചെയ്തു. കഴക്കൂട്ടം സൈനിക് സ്കൂൾ വാർഡിലാണ് പുതിയ എച്ച്.ഡബ്ല്യൂ.സി ആരംഭിച്ചത്. ജില്ലയിലെ 47–ാമത്തെയും കോർപ്പറേഷനിലെ 33–ാമത്തെയും യു.എച്ച്.ഡബ്ല്യു.സിയാണിത്. സാധാരണക്കാർക്ക് പ്രയോജനമാകുന്ന രീതിയിൽ മികച്ച ചികിത്സയും ആരോഗ്യ ബോധവത്കരണ സേവനവും നൽകുന്നതിന് നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിലൂടെ സാധിക്കുന്നു. നിർദ്ദിഷ്ട സേവനങ്ങൾക്ക് പുറമേ മൂന്ന് മാസത്തിലൊരിക്കൽ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കും. വീട്ടമ്മമാർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ കടയുടമകൾ എന്നിവർക്ക് ഈ ആരോഗ്യ കേന്ദ്രം ആശ്രയമാകും. ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രികളിലെ തിരക്ക് ഒരുപരിധിവരെ കുറയ്ക്കാനും ഈ കേന്ദ്രങ്ങളിലൂടെ സാധിക്കുന്നു. വീടുകൾ, ഓഫീസുകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതിനടുത്തായതിനാൽ രോഗ ലക്ഷണങ്ങൾ പ്രകടമാകുമ്പോൾ തന്നെ ജനങ്ങൾക്ക് ആരോഗ്യ കേന്ദ്രത്തിലെത്താൻ സാധിക്കും. വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് ഇ സഞ്ജീവനി മുഖേന വീഡിയോകോളിലൂടെ ഡോക്ടറിനെ കാണാനുള്ള സൗകര്യവും ഈ കേന്ദ്രത്തിലുണ്ട്. മെഡിക്കൽ ഓഫീസറിന്റെയും സ്റ്റാഫ് നഴ്സുമാരുടെയും നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും ആരോഗ്യ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും.

ഒരു നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന് 15000 ജനസംഖ്യ എന്ന അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, രണ്ട് സറ്റാഫ് നഴ്സ് എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്. തിങ്കൾ മുതൽ ശനി വരെ ഉച്ചയ്ക്ക് 1 മണി മുതൽ വൈകിട്ട് 7 വരെ ആരോഗ്യ സേവനങ്ങൾ ലഭ്യമാകും. ഒ.പി, ഫാർമസി സേവനങ്ങൾ, പ്രഥമ ശുശ്രൂഷ, പകർച്ചവ്യാധികളുടെയും ജീവിതശൈലീ രോഗത്തിന്റെയും സ്ക്രീനിംഗ്, ക്ഷയരോഗ നിർണയ പരിശോധനയും ചികിത്സയും കുടുംബാസൂത്രണ മാർഗ്ഗങ്ങളുടെ വിതരണം, ആരോഗ്യകരമായ ഭക്ഷണ രീതികൾ, 14 ഇന പരിശോധനകൾ, കൗൺസിലിംഗ് തുടങ്ങിയ സൗജന്യ സേവനങ്ങൾ ലഭ്യമാണ്. നിലവിൽ 28 നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു.

ചടങ്ങിൽ ഡെപ്യൂട്ടി മേയർ ആശാനാഥ് ജി.എസ്. അദ്ധ്യക്ഷത വഹിച്ചു. കഴക്കൂട്ടം എം.എൽ.എ വി. മുരളീധരൻ മുഖ്യാതിഥിയായി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർണോൾഡ് ദീപക്, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ ചടങ്ങിൽ പങ്കെടുത്തു.

അംഗൻവാടി കുട്ടികൾക്കായി ബാല്യസ്പന്ദനം

# വൈവിധ്യമായ പരിപാടികൾ സംഘടിപ്പിച്ചു



കോഴിക്കോട്: സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി അങ്കണവാടി കുട്ടികൾക്കായുള്ള ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിയായ ബാല്യ സ്പന്ദനം പരിപാടിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു.

പരിപാടിയുടെ പ്രചരണാർത്ഥം ആരോഗ്യ സ്ഥാപനങ്ങളിലെ ജെ.പി.എച്ച്.എൻ, അർബൻ ജെ.പി.എച്ച്.എൻ, എം.എൽ.എസ്.പി, ആർ.ബി.എസ്.കെ നഴ്സുമാർ എന്നിവർക്ക് പരിശീലനം നൽകി. കുട്ടിയുടെ ഭാരം എങ്ങനെ പരിശോധിക്കാം, മിഡ് അപ്പർ ആം സിർക്കംഫറൻസ് (mid upper arm circumference) എങ്ങനെ പരിശോധിക്കണം വളർച്ചയുടെ നാഴികക്കല്ലുകൾ കാഴ്ചയും കേൾവിയും സോഷ്യൽ ആൻഡ് കോഗ്നിറ്റിവ് ഡെവലപ്പ്മെന്റ് ജനറൽ എക്സാമിനേഷൻ ഒന്നാം, രണ്ടാം ഭാഗം, മൂന്നാം ഭാഗം, ശാരീരിക പരിശോധന, വിളർച്ച, ക്ഷയരോഗം, പ്രമേഹം, ഓട്ടിസം, സംസാരത്തിലുള്ള കാലതാമസം, ഓട്ടിസം രണ്ടാം ഭാഗം, എന്നിങ്ങനെ വീഡിയോ പ്രചരണം നടത്തി.

കൂടാതെ ജനപ്രതിനിധികളുടെ സജീവ ഇടപെടലുകൾ ഈ പദ്ധതിക്ക് ആക്കംകൂട്ടി. കൊയിലാണ്ടി, എലത്തൂർ നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ മാരായ പ്രവീൺകുമാർ, വിദ്യാ ബാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ പരിപാടികൾ ഉദ്ഘാടനം ചെയ്യുകയും തുടർന്ന് കുട്ടികളുടെ പരിശോധനയും നടത്തി.